322
JULY-AUGUST 2026

KERALA PRIVATE COLLEGE TEACHER

ISSN 2454-4795
a monthly journal of the all kerala private college teachers' association

സംഘടനകളുടെ രാഷ്ട്രീയം

ഓർമ്മയുടെ കരിമ്പടം

ജാനകി, നാദരൂപിണി...

ഓർമ്മകൾക്കില്ല ചാവും ചിതകളും

കൃത്രിമസൂര്യനെ തേടുന്ന മനുഷ്യർ

Policy response on the interim report of FYUGP



KERALA PRIVATE
COLLEGE TEACHER
JUL-AUG 2026
322

EDITORIAL BOARD

Editor
Dr. Vidhu Narayan

Managing Editor
Dr. N. Renuka

Assistant Editors
Sreelekshmi A.R.
Dr. Harinarayanan S.

Members
Sanjeev G.
A. Nisanth
Dr. Soju S.
Asha Prabhakaran
Dr. Sumesh A.S.
Dr. Bindumol B.
N.K. Sunilkumar
Dr. Sreerenjini S.C.
Dr. S. Ajayakumar
Dr. Padmanabhan M. V.
Dr. Remya G.
Dr. Anju Linda Varghese
Dr. Myna Umaiban
Dr. Sheeja Parayil

Design :
Jwala Creatives

Views expressed by individuals in the journal are their own and need not necessarily be taken as the policy of the Association.

Edited, Printed and Published by
A. Nisanth, AKPCTA State Committee
Office, Vanchiyoor, Thiruvananthapuram-35.

AKPCTA State Committee Office
Mathrubhumi Road,
Vanchiyoor, Thiruvananthapuram-35
Ph: 0471-2463494
Mobile: +91 9447690687
collegeteacheredt@gmail.com
www.akpcta.org




എഡിറ്റോറിയൽ

വികലമായ പുത്തൻസാമ്പത്തികനയവും ദേശീയവിദ്യാഭ്യാസനയത്തിന്റെ വിവിധ രൂപങ്ങളും വർഗ്ഗീയതയുടെ ഇന്ധനമുപയോഗിച്ച് മുന്നേറുന്ന ഫാസിസ്റ്റ് രാഷ്ട്രീയവും സൃഷ്ടിക്കുന്ന അരക്ഷിതാവസ്ഥയുടെ പ്രതിഫലനങ്ങൾ എല്ലാ മേഖലയിലും പ്രത്യക്ഷമാവുന്നുണ്ട്. ഈ സാഹചര്യത്തിൽ ഇന്ത്യയുടെ ജനാധിപത്യത്തെയും മതനിരപേക്ഷതയെയും വിദ്യാഭ്യാസമൂല്യങ്ങളെയും സംരക്ഷിക്കുകയെന്ന ധർമ്മം നാം നിറവേറ്റേണ്ടതുണ്ട്. ജനാധിപത്യ-മതനിരപേക്ഷമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന പ്രതികരണശേഷിയുള്ള പുതുതലമുറയെ രൂപപ്പെടുത്തുകയെന്ന വലിയ ലക്ഷ്യമാണ് നമ്മുടെ മുന്നിലുള്ളത്. അധ്യാപകർ അതിലേക്ക് സജ്ജരാവുകയെന്നതാണ് ആദ്യം വേണ്ടത്. അധ്യാപകസംഘടനയുടെ പ്രസക്തി ഇവിടെയാണ്. സമകാലിക സാഹചര്യത്തിൽ ഏറ്റവും ചെറിയ സംവാദത്തിനും മൂല്യമുണ്ട്. എ.കെ.പി.സി.ടി.എയുടെ ആദരണീയരായ ജനറൽ സെക്രട്ടറിയുടെയും പ്രസിഡന്റിന്റെയും ഈ ലക്കത്തിലെ ലേഖനങ്ങൾ ഇക്കാര്യം വിശദമാക്കുന്നവയാണ്. രാഷ്ട്രീയ വ്യതിചലനങ്ങളുടെ നിർണ്ണായകമായ ഈ ഘട്ടത്തോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പുതിയ ലക്കം വായനക്കാർക്ക് സമർപ്പിക്കുന്നു.

എഡിറ്റർ
collegeteacheredt@gmail.com
9447237659

ഉള്ളടക്കം





വർഗ്ഗസമരങ്ങളുടെ അനിവാര്യത
എ. നിശാന്ത് 4

മുറ്റം
രമ്യ ഗോകുലനാഥൻ 11

ഓർമ്മയുടെ കരിമ്പടം
ഡോ. എൻ. രേണുക 12


THE QUIET REBELLION
Vishnu Priya P. R. 15


ഉഴുതുമറിച്ച പുതുമണ്ണിലൂടെ: റഷ്യൻ കാഴ്ചകൾ - ഒരു ചിത്രയാത്രാ വിവരണം
ഡോ. ബിന്ദുമോൾ ബി. 28


Policy Response: Comments on Interim Report Submitted to the Kerala State Higher Education Council 36

Mastering English Confidence: Book Review 42

സംഘടനാവാർത്തകൾ 66







GENERAL SECRETARY'S PAGE



എ. നിശാന്ത്

വർഗ്ഗസമരങ്ങളുടെ അനിവാര്യത

ജയിച്ച സമരങ്ങളേക്കാൾ പരാജയപ്പെട്ടവയാണ് ലോകചരിത്രത്തിൽ ഏറെയും. പക്ഷേ ഒരു സമരവും ആത്യന്തികമായി പരാജയപ്പെട്ടിട്ടില്ല. ഓരോ സമരവും ഉയർത്തുന്ന ആശയങ്ങൾ, മുന്നോട്ട് വയ്ക്കുന്ന മുദ്രാവാക്യങ്ങൾ, മുറുകെപ്പിടിക്കുന്ന ആദർശങ്ങൾ എന്നിവയുടെ പ്രതിഫലനം അതത് സന്ദർഭങ്ങളിൽ നമുക്ക് അനുഭവപ്പെടണമെന്നില്ല. മുന്നോട്ട് രണ്ടടി വെച്ച കാലുകൾ പിന്നോട്ട് മൂന്നടി വലിക്കേണ്ടി വരുന്ന സമരങ്ങളുമുണ്ടായിട്ടുണ്ട്. പക്ഷേ ആ പിൻവലിയലും ഒരു സമരതന്ത്രമായി ഭാവിയിൽ ബോധ്യപ്പെടും. ഇത് ലോകാനുഭവമാണ്; നമ്മുടെ സംഘടനയുടെ സമരവഴികളിലും അത് നേരനുഭവം തന്നെയാണ്.

അതത് കാലം ആവശ്യപ്പെടുന്ന സമരങ്ങൾ മൂർത്തമായ ഒരു സാഹചര്യത്തിലാണ് ഉയർന്ന് വരിക. അതിന് എല്ലായ്പ്പോഴും വളരെ പ്രത്യക്ഷമായ ഒരു രാഷ്ട്രീയ അടിത്തറയോ പിൻബലമോ ഉണ്ടായിക്കൊള്ളണമെന്നില്ല. അതുകൊണ്ട് അവയെല്ലാം അരാജക സമരങ്ങളല്ല; അരാഷ്ട്രീയവും അല്ല.

മുഖ്യധാരാരാഷ്ട്രീയ സ്വഭാവത്തിൽ പ്രവർത്തിക്കുന്ന സംഘടനകളുടേത് മാത്രമല്ല രാഷ്ട്രീയ സമരങ്ങൾ. കേവലമായ ഒരു ആൾക്കൂട്ടം ഉയർത്തുന്ന മുദ്രാവാക്യങ്ങൾ ഏതിനെതിരായാണ്; ഏത് നിലപാടിലാണ് എന്നതാണ് ആ സമരം രാഷ്ട്രീയ സമരമോ അതോ അരാഷ്ട്രീയ സമരമോ എന്നതിനെ തീർച്ചപ്പെടുത്തുന്നത്.

നിലനിൽക്കുന്ന രാഷ്ട്രീയ- സാമ്പത്തിക- ഭരണവ്യവസ്ഥയെ, അതുയർത്തുന്ന ജനവിരുദ്ധതയെ ചോദ്യം ചെയ്യുന്ന ഏതൊന്നും ഇന്നത്തെ ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ സ്വാഗതാർഹമാണ്. അതിന്റെ ഒരു തുടക്കം കേവലമായ ആൾക്കൂട്ടത്തിൽ നിന്നായിരിക്കാം. അത് തീർത്തും സ്വാഭാവികം. പക്ഷേ അതിന്റെ വിപുലീകരണത്തിനുള്ള സാധ്യതകളെ ജനകീയ അടിത്തറ വ്യാപിപ്പിച്ച് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

അത്തരമൊന്നാണ് കോക്രോച്ച് ജനതാ പാർടി തുടങ്ങി വെച്ച് പിന്നെ ഇന്ത്യയിലെ പുരോഗമന യുവജന- വിദ്യാർത്ഥി പ്രസ്ഥാനങ്ങൾ കൂടി ഏറ്റെടുത്ത് മുന്നോട്ട് പോയ ഡൽഹിയിലെ പ്രക്ഷോഭസമരം.

ദേശീയതലത്തിലുള്ള മത്സര പരീക്ഷകളെയാകെ സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കാനുള്ള കേന്ദ്ര സർക്കാർ തീരുമാനത്തെ ഫെഡറൽ അധികാര വ്യവസ്ഥയിലും വികേന്ദ്രീകൃത ജനാധിപത്യ രീതിയിലും ഉറച്ച് വിശ്വസിക്കുന്ന സംസ്ഥാന സർക്കാർ എന്ന നിലയിൽ കേരളത്തിലെ മുൻ എൽ ഡി എഫ് സർക്കാർ നിശിതമായി എതിർത്തതാണ്. നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ വിശ്വാസ്യതയെക്കുറിച്ച് അഖിലേന്ത്യാ ഫെഡറേഷൻ ഐഫക്ടോയുൾപ്പെടെ വളരെ നേരത്തേ തന്നെ നിലപാട് വ്യക്തമാക്കിയതും വിമർശനങ്ങൾ ഉയർത്തിയതും ആയിരുന്നു.

ഇന്ത്യയാകെയുള്ള സകല പരീക്ഷകളെയും മത്സരിച്ച് പരാജയപ്പെടുത്തിയ ഏജൻസിയായി എൻ ടി എ യെ മാറ്റിയതിന്റെ ഉത്തരവാദിത്തത്തിൽ നിന്ന് ഒഴിഞ്ഞ് മാറാൻ എൻ ഡി എ യുടെ നേതൃത്വത്തിൽ ഉള്ള സർക്കാരിന് സാധിക്കില്ല. സമരം നടക്കുന്ന ഘട്ടത്തിൽ 'കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമ്മേന്ദ്ര പ്രധാൻ രാജിവെക്കുക' എന്ന ഒരു മുദ്രാവാക്യം മാത്രമാണ് മനുഷ്യാവകാശ പ്രവർത്തകൻ സോനം വാങ്ചുക്, ഐ ടി പ്രൊഫഷണൽ അഭിജിത് ദീപ്കെ എന്നിവരുടെ നേതൃത്വത്തിൽ രൂപപ്പെട്ട സി ജെ പി ഉയർത്തിയത്. യഥാർത്ഥത്തിൽ അടിസ്ഥാനപരമായ ഒരു പ്രശ്നത്തെ സസൂക്ഷ്മം കാണാതെ അതിന്റെ പരിണതിയെ മാത്രം ലക്ഷ്യമാക്കിയുള്ള ഒന്നായതിന്റെ കുഴപ്പം സി ജെ പി ഉയർത്തിയ ആവശ്യത്തിന് ഉണ്ടായിരുന്നു.

1990 കളിലെ എൽ പി ജി നയവും, 2020 ലെ എൻ ഇ പി യും ഒക്കെ ചേർത്തുവെച്ച് വായിക്കുമ്പോഴേ ഉദാരവൽക്കരണ- സ്വകാര്യവൽക്കരണ ആഗോളീകരണ നയങ്ങൾ എത്രമേൽ തീവ്രമായാണ് വർഗ്ഗീയ

വർഗ്ഗീയതയെ പ്രതിരോധിക്കാൻ വർഗ്ഗസമരങ്ങൾക്കേ സാധിക്കൂ. വർഗ്ഗബോധത്തിലധിഷ്ഠിതമായ കൂടുതൽ ഐക്യപ്പെട്ട പോരാട്ടങ്ങൾ മൂർത്തമായ ഒരു സാഹചര്യത്തിൽ സമീപഭാവിയിൽ രൂപപ്പെടുക തന്നെ ചെയ്യും.

വൽക്കരണത്തിന്റെ മാർഗ്ഗത്തിലൂടെ കോർപ്പറേറ്റിസം നടപ്പിലാക്കുന്നതെന്ന് ബോധ്യമാകും.

അതുകൊണ്ട് യൂണിയൻ ഗവൺമെന്റ് തുടർന്ന് പോകുന്ന രാഷ്ട്രീയ-സാമ്പത്തിക നയത്തെ (നവലിബറൽ കമ്യൂണലിസം) ശിഥിലമാക്കാനുള്ള വർഗ്ഗസമരങ്ങൾ ഉയർന്നു വരികയാണ് പ്രധാനം. അതിൽ വിജയിക്കാനായത് പുത്തൻ കാർഷിക നയങ്ങൾക്കെതിരായ ദേശീയ പ്രക്ഷോഭമായ ലോങ് മാർച്ചിനും തുടർന്നുള്ള ഐതിഹാസിക സമരത്തിനും ആയിരുന്നു.

ചെറുതും വലുതുമായ ധാരാളം സമരങ്ങൾ ദേശീയ വിദ്യാഭ്യാസ നയം 2020 ന് ശേഷം നമ്മുടെ രാജ്യത്ത് ഉയർന്നുവന്നുവെങ്കിലും അത് രാജ്യമെമ്പാടും ശ്രദ്ധിക്കപ്പെടുന്ന ഒരു ജീവൽസമരമായി, വർഗ്ഗസമരമായി വളർന്നു വന്നില്ല. ഒരു പക്ഷേ മധ്യവർഗ്ഗത്തിന്റെയോ ഉപരിവർഗ്ഗത്തിന്റെയോ മാത്രം ഒരു പ്രശ്നമായി എൻ ഇ പി യെ കാണാനാണ് വിദ്യാഭ്യാസത്തെ അത്രമേൽ പ്രധാനമല്ലാതെ കാണാൻ നമ്മെ പരിശീലിപ്പിച്ച വ്യവസ്ഥയും ശീലിപ്പിച്ചത്. നിലനിൽക്കുന്ന പൊതുവിദ്യാഭ്യാസം, സേവനരംഗം, ഫണ്ടിങ് തുടങ്ങിയവയിൽ നിന്ന് ഭരണകൂടത്തിന്റെ മൊത്തത്തിലുള്ള പിൻവാങ്ങൽ 1990 കളിലെ എൽ പി ജി യിലൂടെ നാം ശീലിക്കപ്പെട്ടിരുന്നതിനാൽ ഇന്ത്യയാകെ പടരുന്ന ഒരു സമരം രൂപപ്പെടുത്താൻ അധ്യാപക വർഗ്ഗത്തിന് സാധിച്ചില്ല എന്നതാണ് വാസ്തവം.

ദേശീയ വിദ്യാഭ്യാസ നയത്തിന് സമ്പൂർണമായ ഒരു ബദൽ പണിയാൻ സാധിച്ചില്ലെങ്കിലും പ്രതിരോധം തീർക്കാൻ, സാധ്യതകളെ പ്രയോജനപ്പെടുത്താൻ കേരളത്തിനും ആയിട്ടുണ്ട്.

വികലമായ പുത്തൻ സാമ്പത്തിക നയവും ദേശീയ വിദ്യാഭ്യാസ നയവും സൃഷ്ടിച്ച ഒരു തരം അരക്ഷിതാവസ്ഥയുടെ ഭാഗമാണ് ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന മത്സര- പ്രവേശനപരീക്ഷ ക്രമക്കേടുകൾ. ഈ അപകടത്തെ ചോദ്യം ചെയ്യാനും, നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെടാനും സി ജെ പി തുടങ്ങിവെച്ച സമരത്തിന് പിന്നീട് സാധിച്ചു. അവിടെയാണ് എസ് എഫ് ഐ, എ ഐ എസ് എഫ്, എ ഐ എസ് എ തുടങ്ങിയ സംഘടനകളുടെ ഇടപെടലുകളേയും സി ജെ പി സമരത്തോടുള്ള ഐക്യപ്പെടലിനേയും കാണേണ്ടത്. ഈ സമരത്തോട് ഐക്യദാർഢ്യം രേഖപ്പെടുത്തിക്കൊണ്ട് നമ്മുടെ സംഘടന എ കെ പി സി ടി എ യും , അഖിലേന്ത്യാ ഫെഡറേഷൻ ഐഫക്ടോയും നിരവധി പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി. ചെറുതും വലുതുമായ ധാരാളം അനുബന്ധ പരിപാടികളും പ്രതിഷേധ പരിപാടികളും രാജ്യത്താകമാനം വിപുലപ്പെടുകയും ചെയ്തു.

ഇന്ത്യൻ ജനാധിപത്യത്തെയും മതനിരപേക്ഷതയെയും വിദ്യാഭ്യാസ മൂല്യങ്ങളെയും വീണ്ടെടുക്കാനും ദൃഢപ്പെടുത്താനും, കൂടുതൽ ഉശിരാർന്ന വർഗ്ഗസമരങ്ങൾക്ക് ഭാവിയിൽ രൂപം നൽകാനുമുള്ള പുതിയ ഒരു തുടക്കമായി മാറി ഈ സമരം.

വർഗ്ഗീയതയെ പ്രതിരോധിക്കാൻ വർഗ്ഗസമരങ്ങൾക്കേ സാധിക്കൂ. വർഗ്ഗബോധത്തിലധിഷ്ഠിതമായ കൂടുതൽ ഐക്യപ്പെട്ട പോരാട്ടങ്ങൾ മൂർത്തമായ ഒരു സാഹചര്യത്തിൽ സമീപഭാവിയിൽ രൂപപ്പെടുക തന്നെ ചെയ്യും.

■

■ സഞ്ജീവ് ജി.
പ്രസിഡന്റ്, എ.കെ.പി.സി.ടി.എ.

സംഘടനകളുടെ രാഷ്ട്രീയം: ചരിത്രവും വർത്തമാനവും

"ഒറ്റയ്ക്ക് ജീവിക്കാൻ കഴിയാത്ത ജീവിയാണ് മനുഷ്യൻ" എന്ന് അരിസ്റ്റോട്ടിൽ പറഞ്ഞത് ഒരു തത്വചിന്തയായല്ല മാനവ ചരിത്രത്തിന്റെ അടിസ്ഥാന പ്രമാണമായാണ് വായിക്കേണ്ടത്. ഒറ്റപ്പെട്ട ഒരു ജീവിയിൽ നിന്നും ആഗോളഗ്രാമത്തിലെ അംഗം എന്ന നിലയിലേയ്ക്കുള്ള വളർച്ച കൂട്ടായ്മകളുടെ ഫലമാണെന്ന് മറന്ന് 'എനിക്ക് ഞാൻ തന്നെ പോരേ' എന്ന് തോന്നിത്തുടങ്ങുകയാണ്. മനുഷ്യർ കൂട്ടമായി ജീവിക്കാൻ കാണിച്ച താല്പര്യമാണ് ഇന്ന് നേടിയതിന്റെയൊക്കെയും അടിത്തറ എന്ന് മറന്നുപോകുന്നു. അതിജീവനത്തിനായി മുഷ്ടികൾ ചേർത്തുപിടിച്ചതും പദമൊരുമിച്ചു വച്ചതുമാണ് പദമിടറാത്ത പ്രയാണം സാധ്യമാക്കിയത്. കൂട്ടായ്മകളുടെ ചരിത്രവും രാഷ്ട്രീയവും അറിഞ്ഞിരിക്കേണ്ടത് തന്നെയാണ്.

കൂട്ടായ്മകളുടെ രാഷ്ട്രീയം: വികാസ ചരിത്രം

മനുഷ്യൻ വിവിധ ലക്ഷ്യങ്ങൾക്കായി ഒന്നിച്ചു ചേരുമ്പോൾ രൂപപ്പെടുന്ന അധികാര ബന്ധങ്ങളെ വിശകലനം ചെയ്യുന്നു. ഓരോ ഘട്ടത്തിലും രൂപപ്പെട്ടു വരുന്ന അധികാരം, വിഭവം, സമത്വം എന്നിവയ്ക്കായുള്ള വർഗ്ഗ സമരങ്ങളുടെയും അവകാശ പോരാട്ടങ്ങളുടെയും വിലയിരുത്തലാണ് അതിന്റെ അന്ത:സത്ത.

മനുഷ്യർ പ്രകൃതിയോട് പൊരുതി ഉത്പാദനം നടത്തുന്ന രീതി മാറിയപ്പോൾ കൂട്ടായ്മകളുടെ സ്വഭാവവും മാറി. ഗുഹാജീവിതത്തിൽ നിന്നും വർത്തമാന സാങ്കേതികത്തികവിന്റെ കാലംവരെയുള്ള മനുഷ്യ ബന്ധങ്ങളുടെ വികാസത്തിന്റെ കഥ വിസ്മയാവഹമാണ്.

20-50 പേരടങ്ങുന്ന ചെറുസംഘങ്ങളായി സ്വകാര്യ സ്വത്തില്ലാതെ, രക്തബന്ധങ്ങൾ തിരിച്ചറിയാതെ പരസ്പരസഹായമെന്ന ഏകനിയമത്തെ അനുസരിച്ച്, വർഗ്ഗരഹിത സമൂഹത്തിന്റെ മാതൃകയിൽ ലക്ഷക്കണക്കിന് വർഷങ്ങൾ ജീവിച്ചു.

നവശിലായുഗ വിപ്ലവത്തോടെ കാർഷികവൃത്തി ആരംഭിച്ചപ്പോൾ മനുഷ്യന് അലഞ്ഞു തിരിയൽ അവസാനിപ്പിച്ച് ഒരിടത്ത് തങ്ങേണ്ടി വന്നു. ഭൂമിയും വിളവും സ്വകാര്യസ്വത്തെന്ന സങ്കല്പത്തിൽ അതിന്റെ സംരക്ഷണത്തിനായി പുതിയ അധികാരശ്രേണി ഉദയം ചെയ്യുകയായി. ഗോത്ര മേധാവികളും പ്രകൃതിയെ പൂജിച്ചു പാട്ടിലാക്കാൻ പുരോഹിതരും ഉണ്ടായി. നാം തിരിച്ചറിയുന്ന ആദ്യത്തെ അധികാര ശ്രേണി ഇവരാണ്.

ഉത്പാദനമിച്ചം ജീവിതത്തിന്റെ താളവും ബന്ധങ്ങളുടെ ലയവും മാറ്റി. നഗരങ്ങൾ സൃഷ്ടിക്കപ്പെട്ടതോടെ രാജാവും പ്രജയും ഉടമയും അടിമയും എന്നീ വർഗ്ഗ വൈരുദ്ധ്യങ്ങൾക്ക് തുടക്കമായി. നിയമങ്ങളും അതിന്റെ പരിപാലനത്തിനായുള്ള സൈന്യവും ഈ ഘട്ടത്തിലാണ് ഉടലെടുക്കുന്നത്. ഇതിന്റെ തുടർച്ചയിലാണ് മതങ്ങളും ആശയ സാമ്രാജ്യങ്ങളും വരുന്നത്.

ക്രിസ്ത്യാനിറ്റിയും ഇസ്ലാമിസവും



ബുദ്ധമതവും ഭൂമിശാസ്ത്രത്തിന്റെ അതിരുകൾ ഭേദിച്ച് വിശ്വാസത്തിന്റെ പേരിൽ ലക്ഷക്കണക്കിന് ആളുകളെ ഒന്നിഷിച്ചു. എന്നാൽ അതേസമയം പുരോഹിത-രാജാധികാരത്തിന്റെ സഖ്യം കൂടി ഉറഷിക്കപ്പെട്ടു.

ദേശരാഷ്ട്രങ്ങളും പൗരസമൂഹങ്ങളും : അടിസ്ഥാന തത്വങ്ങൾ

ആധുനിക ദേശരാഷ്ട്രങ്ങളുടെ വരവാണ് പിന്നീട് ലോകം ദർശിച്ചത്. ഫ്രഞ്ച് വിപ്ലവവും വ്യവസായ വിപ്ലവവും ഒക്കെ സംഭവിക്കുന്നത് അതിന്റെ തുടർച്ചയിലാണ്. "ദേശീയത", "പൗരത്വം", "ഭരണഘടന" എന്നീ ആശയങ്ങൾ മനുഷ്യ ബന്ധങ്ങളുടെ രീതിയെ നിർവ്വചിക്കുന്ന പ്രാമാണിക സങ്കൽഷങ്ങളായി മാറുന്ന ഘട്ടമാണിത്. ഇതോടൊഷം ഉത്പാദന കേന്ദ്രമായി ഫാക്ടറിയും അവിടെ 'തൊഴിലാളി' എന്ന പുതിയ വർഗ്ഗവും 'ട്രേഡ് യൂണിയൻ' എന്ന പുതിയ കൂട്ടായ്മയും ഉണ്ടായി.

ഇരുപതാം നൂറ്റാണ്ടിന്റെ അവസാനം ആഗോളവൽക്കരണവും ഡിജിറ്റൽ കൂട്ടായ്മകളും ലോകത്തെ പല നിലകളിൽ മാറ്റിഷണിതു. ഇന്റർനെറ്റ് ലോകത്തെ ചുരുക്കി. തൊഴിൽ, ലിംഗം, പരിസ്ഥിതി, മനുഷ്യാവകാശം എന്നിവയുടെ പേരിൽ ആഗോള ശൃംഖലകൾ രൂപപ്പെട്ടു. എന്നാൽ അതേ സാങ്കേതിക വിദ്യതന്നെ കോർഷറേറ്റുകളുടെയും വലതുപക്ഷ ശക്തികളുടെയും സംഘടനാ ഉപകരണവുമായി.

ആധുനിക സമൂഹനിർമ്മിതിയുടെ പ്രത്യയ ശാസ്ത്രം മുതലാളിത്ത മാണ്. മുതലാളിത്ത ജനാധിപത്യത്തിൽ കൂട്ടായ്മകൾ വെറും വാരാന്ത്യ സാമൂഹിക ക്ലബ്ബുകളുടെ സ്വഭാവം വിട്ട് അധികാരത്തെ നിരന്തരം ചോദ്യം ചെയ്യുന്ന പ്രതിരോധ കേന്ദ്രങ്ങളായി മാറും.

ഗ്രാംഷി പറഞ്ഞ "Civil Society" ഇതാണ്. രാഷ്ട്രീയ പാർട്ടികൾക്കും ഭരണകൂടത്തിനും പുറത്ത് പ്രവർത്തിക്കുന്ന ട്രേഡ് യൂണിയൻ, കർഷക സംഘടന, വിദ്യാർത്ഥി-അധ്യാപക യൂണിയനുകൾ. ഇവയില്ലെങ്കിൽ ഭരണകൂടം സ്വേച്ഛാധിപത്യത്തിലേക്ക് വഴുതി വീഴും. അങ്ങനെ വരുമ്പോൾ സിവിൽ സൊസൈറ്റിയിലെ കൂട്ടായ്മകൾ പരിഷ്കൃത സമൂഹത്തിന്റെ തെന്നിമാറലുകളെ പ്രതിരോധിക്കുവാനുള്ള കവചങ്ങളാണ് എന്ന് പറയാം.

സാമൂഹിക മൂലധനം എന്ന സങ്കല്പനം

രാഷ്ട്രീയ ശാസ്ത്രജ്ഞൻ റോബർട്ട് പുട്നാം മുന്നോട്ട് വെച്ച ആശയമാണിത്. Alone (2000), Making Democracy Work (1993) എന്നീ പുസ്തകങ്ങളിലൂടെയാണ് ഈ ആശയങ്ങൾ പുട്നാം അവതരിഷിച്ചത്.

റോബർട്ട് പുട്നാമിന്റെ നിർവചന പ്രകാരം: "വ്യക്തികൾ തമ്മിലുള്ള ബന്ധങ്ങൾ, സാമൂഹിക ശൃംഖലകൾ (social networks), അതിലൂടെ ഉണ്ടാകുന്ന പരസ്പര വിശ്വാസവും (trust) സഹകരണവുമാണ് സോഷ്യൽ ക്യാപിറ്റൽ. ആളുകൾ തമ്മിൽ കൂടിച്ചേരുകയും സഹായി



ക്കുകയും ചെയ്യുമ്പോൾ സമൂഹത്തിൽ ഒരു "മൂലധനം" രൂപപ്പെടുന്നു. ഇത് ജനാധിപത്യം കൂടുതൽ ശക്തമാക്കാനും സാമ്പത്തിക വളർച്ചയ്ക്കും സഹായിക്കുന്നു.

സോഷ്യൽ ക്യാപിറ്റലിനെ അദ്ദേഹം പ്രധാനമായും രണ്ടായി തിരിക്കുന്നുണ്ട്. ഒന്നാമത്തേത് - ബോണ്ടിംഗ് സോഷ്യൽ ക്യാപിറ്റൽ (Bonding Social Capital) ആണ്. ഒരേപോലെയുള്ള ആളുകൾ തമ്മിലുള്ള ശക്തമായ ബന്ധമാണിത് (ഉദാഹരണത്തിന്: കുടുംബം, അടുത്ത കൂട്ടുകാർ, ഒരേ ജാതി/മതത്തിലുള്ളവർ). ഇത് വ്യക്തികൾക്ക് മാനസിക പിന്തുണയും സഹായവും നൽകുന്നു. രണ്ടാമത്തേത് ബ്രിഡ്ജിംഗ് സോഷ്യൽക്യാപിറ്റൽ (Bridging Social Capital) ആണ്. വൈവിധ്യമുള്ള, വ്യത്യസ്ത പശ്ചാത്തലത്തിലുള്ള ആളുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന പാലമാണിത് (ഉദാഹരണത്തിന്: വ്യത്യസ്ത ആശയങ്ങളുള്ള ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ). ഒരു നല്ല ജനാധിപത്യ സമൂഹത്തിന് ബോണ്ടിങ്ങിനേക്കാൾ ബ്രിഡ്ജിംഗ് സോഷ്യൽ ക്യാപിറ്റൽ ആണ് കൂടുതൽ ആവശ്യമെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു.

'Bowling Alone' എന്ന ആശയം അദ്ദേഹത്തിന്റെ ഏറ്റവും പ്രശസ്തമായ ഒരു നിരീക്ഷണമാണ്. അമേരിക്കൻ സമൂഹത്തെ കുറിച്ചുള്ളതായിരുന്നു. പണ്ട് അമേരിക്കക്കാർ ക്ലബ്ബുകളിലും സന്നദ്ധ സംഘടനകളിലും സജീവമായി പങ്കാളികളായിരുന്നു. എന്നാൽ പിന്നീട് ആളുകൾ ബോളിംഗ് (Bowling) കളിക്കാൻ പോകുമ്പോൾ കൂട്ടമായി ലീഗുകളായി കളിക്കുന്നതിന് പകരം ഒറ്റയ്ക്ക് പോയി കളിക്കാൻ തുടങ്ങി (Bowling Alone).

ഇത് സമൂഹത്തിലെ പൊതുവായ കൂട്ടായ്മയും വിശ്വാസവും (Social Cohesion) കുറയുന്നതിന്റെ ലക്ഷണമായി അദ്ദേഹം കണ്ടു. ടെലിവിഷനും വിനോദോപാധികളും വീട്ടിൽ ആയതോടെ ആളുകൾ വീട്ടിൽത്തന്നെ സമയം ചിലവഴിക്കാൻ തുടങ്ങി. നഗരവൽക്കരണവും ദീർഘദൂര യാത്രകൾക്കായി കൂടുതൽ സമയം പോകുന്നതിനാൽ അയൽപക്ക ബന്ധങ്ങൾക്ക് സമയം കിട്ടാതായി. തലമുറ മാറ്റ

ങ്ങൾ ഈ പ്രവണതയ്ക്ക് വേഗത കൂട്ടി. സോഷ്യൽ ക്യാപിറ്റലിന്റെ പ്രാധാന്യം ജനാധിപത്യസമൂഹങ്ങൾ തിരിച്ചറിയുന്നുണ്ട്. പൗരർ കൂട്ടായ്മകളിൽ സജീവമാകുമ്പോൾ സർക്കാരിന് കൂടുതൽ ഉത്തരവാദിത്തം ഉണ്ടാകും. ആളുകൾ തമ്മിൽ പരിചയവും വിശ്വാസവും ഉള്ള ഇടങ്ങളിൽ സുരക്ഷിതത്വം കൂടുതലായിരിക്കും. ശക്തമായ സാമൂഹിക ബന്ധങ്ങളുള്ള ആളുകൾക്ക് ശാരീരികവും മാനസികവുമായ ആരോഗ്യം കൂടുതലായിരിക്കും.

ഒരു ജനാധിപത്യ സമൂഹത്തിൽ പലതരം താല്പര്യങ്ങളുള്ള മനുഷ്യരുണ്ടാകും. വ്യത്യസ്ത ആശയങ്ങളുള്ള അസോസിയേഷനുകൾ നിലനിൽക്കുന്നത് സമൂഹത്തിൽ ബഹുസ്വരത (pluralism) ഉറപ്പാക്കുന്നു. ഉദാഹരണത്തിന്: പരിസ്ഥിതി സംഘടനകൾ പ്രകൃതി സംരക്ഷണത്തിനായി വാദിക്കുമ്പോൾ, വ്യാപാരി വ്യവസായി സംഘടനകൾ ബിസിനസ്സ് താല്പര്യങ്ങൾക്കായി വാദിക്കുന്നു. ഇവരുടെ പരസ്പരമുള്ള ചർച്ചകളും സമ്മർദ്ദങ്ങളുമാണ് ഒരു രാജ്യത്തിന്റെ നയരൂപീകരണത്തെ (Policy Making) സഹായിക്കുന്നത്. കൂട്ടായ്മകൾക്കുള്ളിലെ രാഷ്ട്രീയ(Internal Politics)വും ജനാധിപത്യ സമൂഹ നിർമ്മിതിയിൽ ഏറെ പ്രധാനപ്പെട്ട ഒന്നാണ്. ഒരു അസോസിയേഷൻ പുറമേക്ക് ഒരു ലക്ഷ്യത്തിനായി പ്രവർത്തിക്കുമ്പോഴും, അതിനുള്ളിൽ ചില ആഭ്യന്തര രാഷ്ട്രീയ സമവാക്യങ്ങൾ ഉണ്ടാകും. ആരായിരിക്കണം നേതാവ്, ആരുടെ തീരുമാനങ്ങളാണ് നടപ്പിലാക്കേണ്ടത് എന്നതിനെച്ചൊല്ലിയൊക്കെ ഗ്രൂപ്പിനുള്ളിൽ മത്സരങ്ങൾ നടക്കുന്നു.

ആ കൂട്ടായ്മയിലെ എല്ലാ വിഭാഗം ആളുകൾക്കും (സ്ത്രീകൾ, പാർശ്വവൽക്കരിക്കപ്പെട്ടവർ) തുല്യ അവകാശവും പ്രാതിനിധ്യവും ലഭിക്കുന്നുണ്ടോ? ആനുപാതിക പങ്കാളിത്തം കിട്ടുന്നുണ്ടോ? എന്നതൊക്കെ വലിയ ചോദ്യങ്ങളാണ്. പലപ്പോഴും ഭൂരിപക്ഷമുള്ളവർ ന്യൂനപക്ഷങ്ങളെ അടിച്ചമർത്തുന്ന രാഷ്ട്രീയം ഇതിനുള്ളിലും നടക്കാറുണ്ട്.

ഭരണകൂടവും അസോസിയേഷനുകളും തമ്മിലുള്ള സംഘർഷം ചരിത്രത്തിലെ ഏറ്റവും പഠനാർഹമായ അധ്യായമാണ്. ഭരണകൂടങ്ങൾ പലപ്പോഴും ശക്തമായ ജനകീയ ക്കൂട്ടായ്മകളെ ഭയപ്പെടുന്നു.

ജനാധിപത്യ രാജ്യങ്ങളിൽ മാത്രമാണ് കൂട്ടായ്മകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം ഉറപ്പ് നൽകുന്ന ഭരണഘടനകൾ തന്നെയുള്ളത്.

അധ്യാപക സംഘടനകൾ എന്തിന്?


"ഒരു അധ്യാപകന്റെ ജോലി സാഹചര്യങ്ങളാണ് ഒരു വിദ്യാർത്ഥിയുടെ പഠന സാഹചര്യങ്ങൾ" എന്നതാണ് പുരോഗമന വിദ്യാഭ്യാസ പ്രസ്ഥാനങ്ങളുടെ കാഴ്ചപ്പാട്. ഇടതു പരിപ്രേക്ഷ്യത്തിൽ അധ്യാപകർ തൊഴിലാളി വർഗ്ഗത്തിന്റെ ഭാഗം തന്നെയാണ്. അധ്യാപകരെ വെറും "പ്രൊഫഷണലുകൾ" ആയിട്ടല്ല, മറിച്ച് തങ്ങളുടെ അധ്വാനം വിൽക്കുന്ന തൊഴിലാളികളായിട്ടാണ് ഇടത് വിശകലനങ്ങളിൽ കണക്കാക്കുന്നത്.

അമിതമായ ജോലിഭാരം, എണ്ണപ്പെടാത്തതും പ്രതിഫലമില്ലാത്തതുമായ അനുബന്ധ പ്രവർത്തനങ്ങൾ, അധിക ജോലിസമയം, വിലക്കയറ്റത്തിന് അനുസരിച്ച് വർദ്ധിക്കാത്ത ശമ്പളം എന്നിവ ഏതൊരു തൊഴിലാളിയെയും പോലെ അധ്യാപകരും നേരിടുന്ന പ്രശ്നങ്ങൾ തന്നെയാണ്. വ്യക്തികളായ അധ്യാപക തൊഴിലാളികളും സർക്കാരും സ്വകാര്യ വിദ്യാഭ്യാസ ബോർഡുകളും സർവ്വകലാശാലകളും തമ്മിലുള്ള അധികാര സമവാക്യത്തിൽ മാറ്റം വരുത്താൻ ഒത്തു ചേരൽ മാത്രമാണ് ഏക വഴി.

മേലധികാര സംസ്ക്കാരത്തിനെതിരെയുള്ള ചെറുത്തുനിൽപ്പിന് കൂട്ടായ്മകൾ കൂടിയേ തീരൂ. കടുത്ത കോർപ്പറേറ്റ് തന്ത്രങ്ങൾ, അധ്യാപകരുടെ പ്രൊഫഷണൽ സ്വാതന്ത്ര്യം ഇല്ലാതാക്കുന്ന കർശനമായ വ്യവസ്ഥകൾ എന്നിവ ഉൾപ്പെടുന്നതാണ് മേലാധികാര സംസ്കാരം. ഇത് അധ്യാപകരെ ഒരു പാർശ്വവൽക്കരണത്തിലേക്ക് തള്ളിവിടും.

മുതലാളിത്ത സ്വകാര്യവൽക്കരണ





ത്തിന്റെ പ്രധാന വിളവിടങ്ങളിലൊന്നാണ് വിദ്യാഭ്യാസ മേഖല. വൻതോതിൽ നിക്ഷേപിച്ച് അതിലേറെ നേടാനുള്ള താല്പര്യങ്ങൾക്കെതിരെ മുൻനിര പ്രതിരോധമായി മാറാനാണ് അധ്യാപകർ ഒന്നിക്കേണ്ടത്.

അമിതമായ സ്വകാര്യവൽക്കരണവും കോർഷറേറ്റ്വത്കരണവും പൊതുവിദ്യാഭ്യാസത്തിനുള്ള ഫണ്ട് ചോർത്തലിനും പൊതുമേഖലയുടെ തകർച്ചയ്ക്കും മാത്രമേ ഉപകരിക്കൂ. സ്വകാര്യ മേഖലയിലെ സ്ഥാപനങ്ങൾ സാർവ്വത്രിക വിദ്യാഭ്യാസമെന്ന സാമൂഹിക ലക്ഷ്യത്തോട് നീതി പുലർത്തുന്നില്ല.

ബജറ്റ് തികയ്ക്കുന്നതിനായി ഗവൺമെന്റുകൾ പലപ്പോഴും ചെലവുചുരുക്കൽ നടപടികളാണ് സ്വീകരിക്കാറുള്ളത്. സമ്പന്നർക്ക് നികുതി ഇളവ് നൽകുന്നതിന് പകരം പൊതു സൗകര്യങ്ങളിൽ നിക്ഷേപം നടത്താൻ സർക്കാരുകളെ നിർബന്ധിതരാക്കുന്നതിന്, ചരിത്രപരമായ ഇടപെടലുകൾക്ക് അധ്യാപക കൂട്ടായ്മകൾ ശക്തിപ്പെട്ടേ മതിയാകൂ.

"പൊതുനന്മയ്ക്കായുള്ള കൂട്ടായ ചർച്ചകൾ("Bargaining for the Common Good) എന്നതാണ് ആധുനിക ഇടതുപക്ഷ തൊഴിലാളി പ്രസ്ഥാനങ്ങളുടെ പ്രമാണം. അധ്യാപകർ തങ്ങളുടെ ശമ്പളത്തിന് വേണ്ടി മാത്രമല്ല സമരം ചെയ്യുന്നത്, മറിച്ച് മുഴുവൻ സമൂഹത്തിനും വേണ്ടിയാണ് എന്ന് ആദ്യം തിരിച്ചറിയേണ്ടത് അധ്യാപകർ തന്നെയാണ്. അധ്യാപകർ ഒന്നിക്കുമ്പോൾ അവർ മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ എപ്പോഴും പഠന നിലവാരം ഉയർത്താനും അതുവഴി സാമൂഹ്യ പുരോഗതിക്കും ഉതകുന്നതാവും.

പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പിന്നാക്ക വിഭാഗങ്ങളിലെ കുട്ടികൾക്കും മെച്ചപ്പെട്ട സൗകര്യങ്ങൾ ഉറപ്പാക്കുകയും gross enrollment rate വർദ്ധിപ്പിക്കുകയും ചെയ്യുകയുമാവണം പ്രധാന ലക്ഷ്യം.

മുതലാളിത്ത സമ്പദ്വ്യവസ്ഥയ്ക്ക് അനുസരണയുള്ള തൊഴിലാളികളെ സൃഷ്ടിക്കുന്ന ഒരു നിർമ്മാണശാലയായി മാത്രമല്ല, മറിച്ച് മനുഷ്യ വിമോചനത്തിനുള്ള ഒരു ആയുധമായിട്ടാണ് ഇടതുപക്ഷ അധ്യാപക പ്രസ്ഥാനങ്ങൾ വിദ്യാഭ്യാസത്തെ കാണുന്നത്.

സാമൂഹിക നീതി യൂണിയനുകൾ (Social Justice Unionism): പുരോഗമന അധ്യാപക യൂണിയനുകൾ തങ്ങളുടെ പോരാട്ടങ്ങളെ വംശീയ വിരുദ്ധത, എൽ.ജി.ബി.ടി.ക്യു+ (LGBTQ+) അവകാശങ്ങൾ, പരിസ്ഥിതി നീതി, കുടിയേറ്റക്കാരുടെ അവകാശങ്ങൾ തുടങ്ങിയ വിപുലമായ സാമൂഹിക നീതി പ്രസ്ഥാനങ്ങളുമായി വ്യക്തമായി ബന്ധിപ്പിക്കുന്നു.

പരസ്പരം ഒരുമിച്ച് നിൽക്കുന്നതിലൂടെ അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥി സംഘടനകൾ, മറ്റ് തൊഴിലാളി യൂണിയനുകൾ എന്നിവരുമായി സഖ്യമുണ്ടാക്കുന്നു. നീതിയുക്തമായ ഒരു വിദ്യാഭ്യാസ സമ്പ്രദായത്തിനായുള്ള പോരാട്ടം, നീതിപൂർവകമായ ഒരു സമൂഹത്തിനായുള്ള പോരാട്ടത്തിൽ നിന്ന് വേറിട്ടതല്ലെന്ന് അവർ തിരിച്ചറിയുന്നു.

ചുരുക്കത്തിൽ, ഇടതുപക്ഷ വീക്ഷണപ്രകാരം അധ്യാപകർ ഒന്നിക്കുന്നത്, കോർഷറേറ്റ് കടന്നുകയറ്റങ്ങളെ പ്രതിരോധിക്കാനും, തങ്ങളുടെ അധ്വാനത്തിന് അർഹമായ അന്തസ്സ് നേടിയെടുക്കാനും, വിദ്യാഭ്യാസം ഏതാനും ചിലരുടെ ആനുകൂല്യമല്ല മറിച്ച് എല്ലാവരുടെയും ജനാധിപത്യപരമായ അവകാശമാണെന്ന് ഉറപ്പുവരുത്താനുമാണ്. ആയതിന് തൊഴിലാളികളുടെ പക്കലുള്ള ഏറ്റവും ശക്തമായ ആയുധം കൂട്ടായ ചർച്ചകളും കൂട്ടായ്മയുമാണ് എന്നതുകൊണ്ട് അധ്യാപകർ സംഘടിതരായേ മതിയാവൂ.

■ രമ്യ ഗോകുലനാഥൻ
ദേവസ്വം ബോർഡ് കോളേജ്, തലയോലപ്പറമ്പ്



മൗനം

നനഞ്ഞ മുറ്റം...
ഇറങ്ങിയിട്ടും
പിണഞ്ഞിറങ്ങിയിട്ടും
വേരറിഞ്ഞതില്ലതിന്നാഴം.

അടർന്നുവീണിട്ടും
അതിലേക്കാഴുവാൻ
കഴിഞ്ഞതില്ലൊരിലയ്ക്കും പൂവിനും.

പടർന്നിട്ടും ചുറ്റിപ്പടർന്നിട്ടും
വള്ളിപ്പടർപ്പിനായില്ല
ചുഴിഞ്ഞു മൂടുവാൻ.

കറുത്തയാകാശം
പിറുപിറുത്തതും
വെറുപ്പിൽചോരയായ്
അതിലൊലിച്ചില്ല.

അതിരുകൾക്കുള്ളിൽ
പരിമിതികളെ
പകുത്തതിൻചിരി
അതിൽ പടർന്നില്ല.

ചവിട്ടിനീങ്ങുമ്പോൾ
പകർന്നവേദന
തിരിച്ചെടുക്കുവാൻ
അതിനുമായില്ല.

ഡോ. എൻ. രേണുക
എൻ. എസ് എസ്. കോളേജ് ചേർത്തല

ഓർമ്മയുടെ കരിമ്പടം

നമുക്കുള്ളിലും പുറത്തുമെല്ലാം മരിയമാരുണ്ട്. അബോധത്തിന്റെ പ്രേരണയാൽ മാനസികമായ സ്ഥലകാലങ്ങൾക്കുള്ളിൽ, ബാല്യത്തിന്റെ ആഘോഷങ്ങളിലും സ്വാതന്ത്ര്യത്തിലും അലച്ചിലിലും ലിംഗഭേദങ്ങളില്ലാതെ വളർന്ന്, നേർരേഖകളെയെല്ലാം നിരന്തരം ഭഞ്ജിച്ചുകൊണ്ടിരിക്കുന്ന ഒരു തന്മ. 2018ൽ സന്ധ്യാമേരി എഴുതിയ മരിയ വെറും മരിയ എന്ന നോവലിലെ കഥാപാത്രമാണ് മരിയ. ഭൂതകാലത്തിനും വർത്തമാനത്തിനുമിടയിൽ കാലമില്ലാതെ പകച്ചും ചിതറിയും ചലിച്ചുകൊണ്ടിരിക്കുന്ന മരിയ ഏകാന്തതയുടെ ഭീകരതയെത്തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഉന്മാദത്തിന്റെ തിരയിളക്കങ്ങളിൽപ്പെട്ട് ഉഴലുന്ന മരിയ മരണഭീതിയിൽ അകപ്പെട്ടുപോയവളാണ്. മമ്മയുടെ അപ്പന്റെ മരണത്തോടെയാണ് മരിയയ്ക്ക് സമനില നഷ്ടമാകുന്നത്. അതിൽനിന്നുമുണ്ടാകുന്ന ഒറ്റപ്പെടൽ താങ്ങാനാവാതെ മരിച്ചവരുടെയും ജീവിച്ചിരിക്കുന്നവരുടെയും അതിർത്തികൾ കടന്ന് മരിയ അബോധത്തിലൂടെ ചരിക്കുന്നു.

മരിയയുടെ ബാല്യത്തിന്റെയും ഓർമ്മകളുടെയും താക്കോൽ വീണുകിടക്കുന്നത് കൊട്ടാരത്തിൽ വീട് എന്നറിയപ്പെട്ട അതിപുരാതനമായ ക്രൈസ്തവ കുടുംബത്തിന്റെ അകത്തളങ്ങളിലും പരിസരങ്ങളിലുമാണ്. അടിയ്ക്കടി നാലുമക്കളായപ്പോൾ നോക്കിവളർത്താനുള്ള പ്രയാസം കൊണ്ട് മരിയയെ അമ്മയായ അന്ന കൊട്ടാരത്തിൽ കുടുംബവീട്ടിൽ വളർത്താനേൽപ്പിക്കുന്നു. പല തലമുറകളോടൊപ്പം അവരുടെ ലോകബോധങ്ങളിൽ അഭിരമിച്ചുകൊണ്ട് മറ്റുള്ളവരുടെ മുന്നിൽ തികച്ചും തോന്നിവാസ ജീവിതം നയിച്ചിരുന്ന മരിയയുടെ ആറുവയസ്സുവരെയുള്ള ജീവിതം അറുപത് വർഷങ്ങളുടെ കരുത്തോടെയാണ് നോവലാകെ പന്തലിച്ചു നിൽക്കുന്നത്. വീട് എന്ന സങ്കല്പത്തോടുതന്നെ പൊരുത്തപ്പെടാനാകാതെ ജീവിച്ചിരുന്ന ഗീവർഗീസ് അപ്പച്ചനാണ് മരിയയുടെ ഹീറോ. ആ വിചിത്ര വംശാവലി കുഞ്ചെറിയയിലേക്കും മാത്തിരിവല്യമ്മച്ചിയിലേക്കും ശോശാമ്മയിലേക്കും അന്നയിലേക്കും മറിയാമ്മയിലേക്കുമെല്ലാം വിവൃതമാകുമ്പോൾ ഒരു ചരിത്ര ഘട്ടം കൂടിയാണ് ഉയർത്തെഴുന്നേൽക്കുന്നത്.

അസാധാരണമായ ഉൾക്കാഴ്ചയും കരുത്തും നർമ്മബോധവും ഈ വംശാവലീചരിതത്തെ ചൂഴ്ന്നുനിൽക്കുന്നുണ്ട്. കുടുംബചരിത്രവും ദേശസ്മൃതികളും വളർത്തുമൃഗങ്ങളും ആരാധനാലയങ്ങളും പുണ്യവാളൻമാരും സമുദായഘടനയും കാമനകളും ഭൂഭാഗങ്ങളും പ്രവചനങ്ങളും മരണവാതിലും സ്വർഗ്ഗനരകങ്ങളും സ്ത്രീ ലോകങ്ങളും എല്ലാം നോവലിൽ അങ്ങിങ്ങായുണ്ട്. ആറുവയസ്സിനുശേഷം കൊട്ടാരത്തിൽ വീട്ടിൽ നിന്നും ഗീവർഗീസ് അപ്പച്ചനിൽനിന്നും അമ്മച്ചിയിൽനിന്നുമൊക്കെ അകന്ന് സ്വന്തം വീട്ടിലേക്ക് മടങ്ങിപ്പോയ മരിയ ആ വീട്ടിൽ അനുഭവിക്കുന്ന



അന്യതാബോധം ഭീകരമാണ്. ബന്ധങ്ങളെക്കുറിച്ചുള്ള ഒരു ബാലമനസ്സിന്റെ വിധിയെഴുത്ത് നടന്നുകഴിഞ്ഞു. സഹോദരങ്ങളിൽ നിന്ന് നേരിട്ട പകയോളമെത്തുന്ന ഉപദ്രവങ്ങളും അമ്മയിൽ നിന്ന് ലഭിക്കാതെ പോയ സ്നേഹവും ഒറ്റപ്പെടലുമെല്ലാം മുഷതു വയസ്സിലും മരിയയെ അലച്ചിലിലേക്ക് നയിക്കുന്നു. പ്രണയം, വിവാഹം, വിവാഹമോചനം, ദുരഭിമാനം, ദാരിദ്ര്യം, അരാജകജീവിതം ഇതിലേക്കെല്ലാം മരിയ എത്തപ്പെടുന്നുണ്ട്. ഒരേസമയം മരിച്ചവരുടെയും ജീവിക്കുന്നവരുടെയും ലോകങ്ങളിൽ വിഹരിക്കുന്ന മരിയ. താവളമില്ലാത്തവർ എന്ന പ്രയോഗം ഭൗതികതയെ മാത്രം ആശ്രയിച്ച് നിൽക്കുന്നതല്ല എന്നാണ് പുതിയ കാലത്തിലും മരിയ പറയുന്നത്. മാനസികമായ അഭയകേന്ദ്രങ്ങൾ നഷ്ടമായവർക്ക് ഭൂമിയിൽ ഇടമുണ്ടോ? നേർരേഖകളും വ്യവസ്ഥകളും ചേർന്ന് നിർമ്മിക്കുന്ന ഒരു ഉരുക്കുശാലയായി കുടുംബ സങ്കല്പങ്ങളും സമൂഹവും മതവും ബന്ധങ്ങളും മാറുമ്പോൾ മരിയയെപ്പോലുള്ളവർ എവിടെപ്പോകും? ഏകാന്തതയുടെ നിത്യനരകത്തിൽ നിന്ന് മോചനമില്ലാതെ ഉന്മാദിയായിപ്പോകുന്ന മരിയയുടെ ശിഥിലമായ ഓർമ്മകളിലൂടെ ഒരു പ്രദേശത്തിന്റെയും സമുദായത്തിന്റെയും കുടുംബത്തിന്റെയും ഘടനതന്നെയാണ് ആക്ഷേപഹാസ്യത്തോടെ വീണ്ടെടുക്കപ്പെടുന്നത്.

വിധിക്കും അടിച്ചേൽപ്പിക്കലുകൾക്കുമപ്പുറം സ്വന്തം പ്രവചനങ്ങളിലൂടെ ജീവിതം രൂപപ്പെടുത്തിയ മാത്തിരി വല്യമ്മച്ചി കുഴിമാടത്തിൽ വരെ നീലപുതച്ച് കിടക്കുന്നു. വെള്ളവസ്ത്രം ധരിച്ച് കിടക്കുകയെന്ന അലിഖിതമായ മതസങ്കല്പങ്ങളെ മരണാനന്തരവും മറികടക്കുവാനവർക്കാകുന്നു. കൊട്ടാരത്തിൽവീടിന്റെ ഭാഗമായി ജീവിച്ച അകന്ന ബന്ധുവായ അന്ന, ശോശാമ്മ, മറിയാമ്മ, കാളി എന്നിങ്ങനെയുള്ള കഥാപാത്രങ്ങൾ ഓരോ തരത്തിലുള്ള സ്ത്രീലോകങ്ങളായിത്തന്നെ നിൽക്കുന്നു. അവരിൽനിന്നെല്ലാം മരിയയിലേക്ക് ഒരു വഴി പുറപ്പെടുന്നുണ്ട്. മതവും പൗരോഹിത്യവും ഭരിക്കുന്ന വ്യക്തിബോധങ്ങളും അതിൽനിന്ന് കുതറിമാറുന്ന ജീവിതങ്ങളും നോവലിന്റെ അടിത്തട്ടിലുണ്ട്. സ്വർഗ്ഗരാജ്യം മോഹിച്ച് ഭയന്നും സ്വയം വഞ്ചിച്ചും ജീവിച്ചവരുടെയും ജീവിച്ച ഇടങ്ങളെ സ്വർഗ്ഗമാക്കി മാറ്റിയവരുടെയും ആത്മസംവാദങ്ങളാണ് നോവലിലെ അടിസ്ഥാന ധാര. മരിയയുടെ ലോകത്ത് വർഷങ്ങളുടെ, തലമുറകളുടെ ഓർമ്മകളാണ് പെയ്തിറങ്ങുന്നത്. ഒരു ചാറ്റൽ മഴയുടെ സൗഖ്യത്തിലെന്നപോലെ മരിയയുടെ അബോധത്തിലേക്ക് ചാണ്ടിഷ്ടിയും അമ്മിണിയെന്ന തത്തയും ഗീവർഗ്ഗീസ് സഹദായും കുട്ടപ്പായിയും എല്ലാം വരുന്നുണ്ട്. ഓർമ്മകളിൽ പെരുമഴയുടെ കുത്തൊലിച്ചിൽ അനുഭവപ്പെടുന്നില്ല. മരിയയുടെ മനസ് ആഗ്രഹിക്കുന്ന ഒരു ആവാസസങ്കല്പമാണത്. അതിന്റെ എക്സ്റ്റൻഷൻ ആണ് അരവി

ന്നും ഐഷയും നിമ്മിയും ഹരിയും വിനായകനും ഒക്കെയുള്ള ഒരു കൂട്ടം. അവിടെയും ഓരോരുത്തരായി കൊഴിഞ്ഞു പോകുന്നു. മരിയ ജീവിക്കാനാണ് ആഗ്രഹിച്ചത്. ആത്മവഞ്ചനകളില്ലാതെ. എന്നാൽ ഓർമ്മകളുടെ കയത്തിലേക്ക് ആഴ്ന്നുപോയി. പിടിച്ചുകയറ്റുവാൻ ആത്മബന്ധങ്ങളുള്ളവരെല്ലാം മരണകവാടം കടന്നുപോയി. അഷ്ച്ചൻ മരിക്കുകയായിരുന്നില്ല, കടന്നു പോവുകയായിരുന്നുവെന്ന് മരിയ ഓർക്കുന്നുണ്ട്. സെമിത്തേരിയിൽ ഷോലും അഷ്ച്ചനടുത്തുള്ള കല്ലറ ഒഴിച്ചിടാൻ മരിയ ആവശ്യപ്പെടുന്നുണ്ട്. വേറെങ്ങും തന്നെ എടുക്കില്ല എന്ന ബോധ്യം മരിയയ്ക്കുണ്ട്.

അതിസാധാരണമായ ജീവിതമാണ് മരിയ വെറും മരിയ എന്ന നോവലിലുള്ളത്. നിമിഷങ്ങൾ പോലും ശിഖരങ്ങളായി മാറിയ വൃക്ഷപടർപ്പുകൾ പോലെ ഓർമ്മയുടെ, ഭൂതകാലത്തിന്റെ പന്തലുകൾ. മരിയ അതിനടിയിലാണ്. ഒറ്റപ്പെടലിനെക്കുറിച്ചുള്ള പ്രാചീനമായ ഭയവും ആധിയും സങ്കടവും മരിയയിൽ മാത്രമല്ല ഉള്ളത്. നോവലിലെ സ്ത്രീകളും പുരുഷന്മാരും തികച്ചും ആന്തരികമായ ഇത്തരം ഏകാകിതകളിലൂടെ സഞ്ചരിക്കുന്നുണ്ട്. എന്നിട്ടും എല്ലാവരും കാലത്തിലൂടെ തുഴഞ്ഞു, ആയാസപ്പെട്ട്. അതാണ് ജീവിതം എന്നറിഞ്ഞുകൊണ്ട്. മറിയാമ്മയുടെ പൂന്തോട്ടം അത്തരം മനസ്സിന്റെ വെളിപ്പെടലാണ്.

പരമ്പരാഗതത്വവും ആധുനികതയും തമ്മിൽ നല്ല ബാലൻസ് നിലനിർത്തിയ പൂന്തോട്ടം. പിച്ചി, മുല്ല, ചെമ്പകം, നാലുമണിപ്പൂ എന്നിവയ്ക്കൊപ്പം ഓർക്കിഡ്, ജർബറ, പെറ്റൂണിയ എന്നീ ചെടികളും മറിയാമ്മ പൂന്തോട്ടത്തിൽ നിലനിർത്തി. ജീവിതത്തിന്റെ നേർവഴികളിലൂടെ പോകാൻ വിസമ്മതിക്കുന്നവരെ ജീവിതം ഒറ്റപ്പെടുത്തുമെന്ന വ്യവസ്ഥാപിതയുക്തിയ്ക്ക് പുറത്താണ് മരിയ. നമുക്ക് വിശക്കുന്നുവെന്ന് തോന്നുമ്പോൾ, ആരോടെങ്കിലും സംസാരിക്കണമെന്ന് തോന്നുമ്പോൾ കാരണങ്ങൾ ബോധിപ്പിക്കാതെ,



ചോദ്യോത്തരങ്ങളില്ലാതെ എത്രകാലത്തിനുശേഷവും കയറിച്ചെല്ലാൻ ഒരിടം ഉണ്ടാവണം. ആ ഇടത്തിൽ മനുഷ്യരോ മൃഗങ്ങളോ മരിച്ചവരോ ജീവിക്കുന്നവരോ ആരായാലും കുഴപ്പമില്ല. അതൊരു ആധുനികപൂർവ്വയുക്തിയാണ്. അത്തരം ഇടങ്ങൾ നഷ്ടപ്പെടുന്നതിനെക്കുറിച്ചുള്ള ഭയമാണ് ഉന്മാദമായി മരിയയിൽ വിരിയുന്നത്. ഗീവർഗീസ് അഷ്ച്ചനും മരിയയും തമ്മിലുള്ള സംഭാഷണത്തിൽ അതുണ്ട്:

അതിസാധാരണമായ ജീവിതമാണ് മരിയ വെറും മരിയ എന്ന നോവലിലുള്ളത്. നിമിഷങ്ങൾ പോലും ശിഖരങ്ങളായി മാറിയ വൃക്ഷപടർപ്പുകൾ പോലെ ഓർമ്മയുടെ, ഭൂതകാലത്തിന്റെ പന്തലുകൾ. നോവലിലെ സ്ത്രീകളും പുരുഷന്മാരും തികച്ചും ആന്തരികമായ ഏകാകിതകളിലൂടെ സഞ്ചരിക്കുന്നുണ്ട്. എന്നിട്ടും എല്ലാവരും കാലത്തിലൂടെ തുഴഞ്ഞു, ആയാസപ്പെട്ട്. അതാണ് ജീവിതം എന്നറിഞ്ഞു കൊണ്ട്.

'മരിയാ, നീ ഇനിയെങ്കിലും ലോകത്ത് ആളുകൾ ജീവിക്കുന്നത് പോലെ ജീവിക്കാൻ തുടങ്ങണം. എന്നാലേ എനിക്ക് സമാധാനമായിട്ട് പോകാൻ പറ്റൂ'.

അഷ്ച്ചനല്ലേ പണ്ടുപറഞ്ഞത്, പ്രശ്നം നമ്മുടെയല്ല, ലോകത്തിന്റെയാന്ന്. സത്യത്തിൽ പ്രശ്നം ലോകത്തിന്റെതന്നെയാ. എന്ത് നോർമലാ ഇവിടെ കാര്യങ്ങൾ! എന്താ എഷ്ഴും പൂച്ച പൂച്ചേം എലി എലീമായിരിക്കുന്നേ? എന്താ ഇപ്പോ ചാണ്ടീം അമ്മിണീം മാത്തിരിവല്യമ്മച്ചീം ചിറമ്മേൽ കത്തനാരുമൊന്നുമില്ലാത്തത്? ഇത്രയ്ക്ക് നോർമലാവുകാന്നു പറഞ്ഞാ എന്തു ബോറാ!'

പ്രായോഗിക യുക്തി, മതം, കുടുംബം, സമുദായം, സമൂഹം, ആത്മീയ പദ്ധതികൾ, പ്രണയം, ഒറ്റപ്പെടൽ, ആത്മബന്ധങ്ങൾ, മരണഭയം, ദൈവസങ്കല്പങ്ങൾ, പരിസ്ഥിതി, എന്നിങ്ങനെയുള്ള വിഷയങ്ങളെയെല്ലാം കൈസ്തവാന്തരീക്ഷത്തിൽ അഴിച്ചുപണിയുന്ന, കെട്ടുകാഴ്ചകളില്ലാത്ത ഭാഷയിൽ ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഒരു ഉത്തരാധുനിക ആഖ്യാനരൂപമാണ് മരിയ വെറും മരിയ. എഴുത്ത്, പുസ്തകം, പ്രസിദ്ധീകരണം എന്നിവയെത്തന്നെ ആത്മോപഹാസത്തോടെ നേരിടുന്ന മരിയ. വർഷങ്ങൾക്കു ശേഷം പൈസ ഉണ്ടാക്കാനുള്ള ഉപാധിയെന്ന നിലയിൽ മരിയ എഴുതാനിരിക്കുന്ന വംശാവലീചരിതത്തിലും ഭാവനാത്മകമായ അന്ത്യത്തെ മറികടക്കുവാൻ മരിയയ്ക്കാവില്ല. ഒരിക്കലും എഴുതില്ലെന്ന് ബോധ്യമുള്ള പുസ്തകം. ഇഷ്ടങ്ങളെല്ലാം പൂർത്തീകരിച്ച് ഒരു സ്വപ്നജീവിതം എവിടെയെങ്കിലും ജീവിച്ചു തീർക്കാൻ മരിയ അനുവദിക്കപ്പെടുന്നില്ല. ഓർമ്മ ചിലപ്പോൾ പരിഹാസമായും കരുത്തായും തെറിച്ച ഭാഷയായും ഭയമായും ഏകാന്തതയായും പുതഷ്പായും അസഹ്യതയായും മൃഗപക്ഷികളായും മരിയയിൽ നിരന്തരം ഇരുട്ടിവെളുത്തുകൊണ്ടിരിക്കുന്നു. നമ്മളിലെല്ലാം ഒരു മരിയ ഉണ്ട്.

Vishnu Priya P. R.
Beja Model College of Arts and Science, Kasaragod

The Quiet Rebellion



I surrendered
my paced scribblings on margins,
the poking urge for order,
labelled duties and lists,
the endless beckoning of deadlines,
ironing hours into neat edges.

I surrendered
the charged punctuations,
forcing words into voids,
chiseling people into spiralling thoughts,
dissecting loaded gestures
and hollow greetings.

I surrendered to
the aroma of sweet breath,
the map of milk-moustaches,
twinkling eyes holding my reflection,
tiny velvet grips
that casually cradle my heart.

And I surrendered to
the slow ritual of tender mornings,
the sunrays napping on the white curtains,
little feet drifting closer under the sheet,
whispering prayers
and gratitude to the wind.

I began
pausing to watch the tingle of sun dust,
snacking on quiet words under night light,
leaning into the little hugs
that ward off worry,
gathering soft vowels
and soaking in softer hues,
inhabiting spaces
where the chase evades my name
and life blooms into meaning.

ഡോ. പത്മനാഭൻ കാവുമ്പായി
പയ്യന്നൂർ കോളേജ്, പയ്യന്നൂർ

"ഓർമകൾക്കില്ല ചാവും ചിതകളും"- പയ്യന്നൂർ കോളേജിലെ ശ്രീഹരിപ്രഭാവം

സന്തോഷ് ഏച്ചിക്കാനത്തിന്റെ നോവൽ മാതംഗലീലയുടെ ചർച്ചയായിരുന്നു അന്ന്. പയ്യന്നൂർ ടൗണിൽ എതിർദിശയുടെ ഓഫീസിൽ 2026 മെയ് 26ന് ഉച്ചയ്ക്ക് ശേഷം രണ്ട് മണിക്കായിരുന്നു പരിപാടി. മാഷ് നേരത്തെതന്നെ എത്തി. മലയാള വിഭാഗത്തിലെ 30 ൽ അധികം കുട്ടികളുമായി ഞാനും ചെന്നിരുന്നു. കോളേജിലെ കുട്ടികൾ നിറഞ്ഞിരിക്കുന്നത് കണ്ടപ്പോൾ മാഷിന്റെ കണ്ണുകൾ വിടർന്നു. മനോഹരമായ ആ ചിരി കണ്ണുകളിലും നിറഞ്ഞു. എല്ലാവരോടും ആ സന്തോഷം തലയാട്ടുന്നുണ്ടായിരുന്നു.

ആ പരിപാടിയിൽ അധ്യക്ഷത വഹിച്ച മാഷ് ഇടയ്ക്കിടെ വിദ്യാർത്ഥികളോട് മാത്രമായി സംസാരിച്ചു. അന്നവിടെയെത്തിയ പലരുമൊത്ത് പിന്നീട് കുറച്ച് ഫോട്ടോകൾ കൂടി എടുത്ത് മാഷ് മടങ്ങി. അതായിരുന്നു ഞങ്ങളുടെ അവസാനത്തെ സമ്പർക്കം.

1994 ലെ ഒരു സന്ധ്യ. വേദി കോഴിക്കോട് ഫറൂഖിലെ ഒരു ഹാൾ. കവി ഓയെൻവി കുറുപ്പിരിക്കുന്നു. മുന്നിൽ മുഷ്പതിലധികം ചെറുപ്പക്കാർ. ഓരോരുത്തരായി എഴുന്നേറ്റുചെന്ന് കവിത വായിക്കുന്നു. വായന കഴിയുമ്പോൾ ഓരോരാളോടും ചെറുതെന്തെങ്കിലുമായി ഓയെൻവി ഓരോന്ന് ചോദിക്കുന്നു. എന്റെ ഊഴമെത്തിയപ്പോൾ എന്നോടും.

“പേരെന്താണ് എന്നാ പറഞ്ഞത് ?”

“പത്മനാഭൻ” ഞാൻ പറഞ്ഞു.

“എന്തോ ബാക്കിയുണ്ടല്ലോ.”

കാവുമ്പായി എന്നും ചേർക്കാറുണ്ട്.

ഞാൻ കൂടുതൽ വിനീതനായി.

ഏത് കോളേജിൽ നിന്നാണ് ?

പയ്യന്നൂർ കോളേജിലാണ്.

"പയ്യന്നൂരിൽ നിന്നും വേറെയും കവികളുണ്ടല്ലോ?"

പെട്ടെന്ന് നോട്ടം സദസ്സിലേക്കായി. സദസ്സിൽ നിന്നും നീണ്ടമെലിഞ്ഞ ഒരു ചെറുപ്പക്കാരൻ എഴുന്നേറ്റു.

താങ്കളുടെ പേരെന്താ?

ശ്രീഹരി അല്ലേ.. കവിയുടെ ചോദ്യം.

“അതെ എ സി ശ്രീഹരി. കത്തുകൾ എഴുതാറുണ്ട്.”

"കത്തുകളല്ല, അതും കവിതകൾ തന്നെ". ചെറുപ്പക്കാരനോട് ചിരിച്ചുകൊണ്ട് കവി തലയാട്ടി.

ഞാനും കാണുകയായിരുന്നു. ആ കാഴ്ചയിൽ തുടങ്ങുകയായിരുന്നു. പിന്നീടുള്ള ജീവിതത്തിൽ പലതുകൊണ്ടും ഏറെ പ്രിയപ്പെട്ടതായി തീർന്ന എ സി ശ്രീഹരിമാഷെ. മാഷിലെ പലജാതി കൗതുകങ്ങളെ.

ഊണിന് പിരിഞ്ഞപ്പോൾ ഞാൻ ആ യുവാവിനെ തേടിചെന്നു.

പല കാലമായി ഒന്നിച്ചു വളർന്ന കൂട്ടുകാരനെപ്പോലെ ചിരിച്ചു കൊണ്ടയാൾ കൈപിടിച്ചു തലയാട്ടി. കോളേജിലെ ചില അധ്യാപകരെക്കുറിച്ചു ചോദിച്ചു.

പിന്നെ പതിയെ ഞങ്ങൾ കൂടുതലായി. പഠിക്കുന്ന ബി എഡ് കോളേജിനെ കുറിച്ചു പറഞ്ഞു. ഒപ്പം മാതൃഭൂമി ആഴ്ചപ്പതിപ്പിലെ ബാലപംക്തിയിൽ വിഷ്ണു നാരായണൻനമ്പൂതിരിയുടെ പരാമർശം ഓർത്തു. പൊതുവഴി വിട്ട് പുതിയ താളബോധം സ്വീകരിക്കുന്നവരെന്ന് സാമ്യപ്പെടുത്തിയ കുറിപ്പോടെ പ്രസിദ്ധീകരിച്ച ഞങ്ങളുടെ കവിതകൾ സംബന്ധിച്ച ചില വർത്തമാനങ്ങൾ.

സാഹിത്യകൗതുകത്താൽ പിറക്കുന്ന ഒരു പുതുസൗഹൃദത്തിന്റെ സന്തോഷം വൈകി ഉറങ്ങുംവരെ ആ രാത്രിയെ പൊതിഞ്ഞുനിന്നു.

പുരുഷൻ കടലുണ്ടി മുന്നിലും അനിൽ മാരാത്ത് പിന്നിലും നിന്ന് യുവകലാസാഹിതിയുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച “സ്കൂൾ ഓഫ് പോയട്രി” എന്ന ക്യാമ്പായിരുന്നു അത്. ക്യാമ്പ് മൂന്നു ദിവസം നീണ്ടു.

മൂന്നു ദിവസവും ഓയെൻവിയോടൊപ്പം എന്നതായിരുന്നു ഞങ്ങൾ പുതുമുറക്കാർക്ക് അന്നത്തെ വലിയ ബഹുമതി.

വർഷമൊന്നു കൂടി പിന്നിട്ടാണെന്നാണ് ഓർമ്മ. ഇംഗ്ലീഷിൽ പുതിയ മാഷ് വന്നു. കണ്ടാൽ വിദ്യാർത്ഥി തന്നെ. അന്നൊക്കെ "ചെത്ത് ചെക്കൻ" എന്നതായിരുന്നു ക്യാമ്പസ് പ്രയോഗം. നാട്ടിൽ "സിമ്മിളൻ“ ഒരാളുടെ അഭാവത്തിൽ പരിചയപ്പെടുത്തുന്ന ശരീരസൂചകഭാഷ്യം. ഏതായാലും ഈ ചെത്ത് ചെക്കൻ ഉടൻ തന്നെ ക്ലാസ് റൂമുകളിൽ തരംഗമായി.

"ചെക്കനെ നോക്കിയിരിക്കാലോ, കൂടാതെ ഇംഗ്ലീഷും മലയാളവും കേൾക്കാം " അടുപ്പമുള്ള പെൺകുട്ടികൾ അടക്കം പറഞ്ഞു.

താമസിയാതെ ഇംഗ്ലീഷ് വിഭാഗത്തിലെ കെ സി മുരളീധരൻമാഷിനൊപ്പവും മലയാള വിഭാഗത്തിലെ



ടി പവിത്രൻ മാഷിനൊപ്പവും "ഹോട്ടൽ മുത്തു ഊൺ ചായ" യിലെ ബഞ്ചിൽ എ സി ശ്രീഹരി എന്ന മാഷും സിറ്റിംഗിനെത്തി. ആ ഇരിപ്പ് ഒരു ഒന്നൊന്നര ഇരിപ്പായിരുന്നു. ഞങ്ങൾ കുറച്ചു പേരുടെ എ സി ശ്രീഹരി മാഷൊത്തുള്ള കലാലയ ജീവിതത്തിന്റെ ഹരിശ്രീ കുറിച്ച ഇരിപ്പ്.

പിന്നീടത് അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമിടയിലെ സാഹിത്യ സാംസ്കാരിക പന്തീഭോജനത്തിന്റെ നാളുകളായി പരിണമിക്കുകയായിരുന്നു.

ഇപ്പോഴത്തെ കെമിസ്ട്രി ലാബിനുമുകളിലാണ് അക്കാലത്ത് മലയാള വിഭാഗവും ക്ലാസുകളും. സമീപത്ത് തന്നെ ഹിന്ദിയും. അന്ന് Language Blockനു ഒരു പ്രത്യേകതയുണ്ട്. ക്ലാസ് മുറിയുടെ ഇരുവശങ്ങളിലുമായി കാമ്പസ് മൊത്തം കാണാം. ഒരു വശത്തെ ജനാലകളിലൂടെ പ്രീഡിഗ്രി, ഡിഗ്രി ബ്ലോക്കുകൾ കാണാം. മറുവശം വരാന്തയുടെ അരഭിത്തിയിൽ ഇരുന്നും പുറം ലോകം വീക്ഷിക്കാം. വരാന്തയുടെ ഒരരികിൽ ഒരു പിരിയൻ ഗോവണി. മാറ്റങ്ങൾക്കിടയിൽ ഇന്നും മാറ്റു കുറയാത്ത സമ്പത്തായതുണ്ട്. നിലമെല്ലാം ടൈൽസ് വന്നപ്പോഴും സിമൻറ്ഗോവണി പിടിച്ചു നിന്നു എന്നു പറയാം. തലമുറകളുടെ കൈകളുരഞ്ഞ് മിനുസമാർന്ന കൈവരിയിലൂടെ ഉള്ളംകൈ കൊണ്ട് തലോടി കയറുവാൻ ഒരു പ്രത്യേക സുഖമാണ്. ഒരു തറവാട്ടു മച്ചിൻമുകളിലെ രസമാണ് മലയാള വിഭാഗത്തിലേക്കെന്ന് കയറുമ്പോൾ. പഴമയുടെ ഗന്ധം. നൂറു കണക്കി

നു കുട്ടികളിരുന്ന് തഴമ്പണിഞ്ഞ ഇരുത്തി. (അരഭിത്തി). പ്രണയവിരഹങ്ങളുടെ ശ്വാസനിശ്വാസങ്ങൾ നിശബ്ദമായി പടരുന്നിടം. വീണപൂവുകളുടെ നേർമ്മയാർന്ന വിലാപസ്വരം. പ്രാചീനതമിഴകത്ത് നിന്ന് അലയടിക്കുന്ന ചിലപ്പതികാരം, അകനാനൂറ്, പുറനാനൂറ് വിശേഷങ്ങൾ. മണിപ്രവാള പ്രവാഹം, ചെറുശ്ശേരിയും തുഞ്ചനും കുഞ്ചനും. പാനയും മേല്പത്തൂരും വാരിയരും എല്ലാം ആഘോഷച്ചുവടോടെ അന്നത്തെ മലയാളം ക്ലാസുകളിൽ വന്നു പോയി.

പക്ഷെ ചായക്കടയിലെ പുതിയ ജീവിതത്തിലായിരുന്നു എനിക്കു കമ്പം. ഒഴിവുവേളകളിലെല്ലാം പവിത്രൻ മാഷും ആ ബഞ്ചിലേക്കെത്തി. ഇംഗ്ലീഷിൽ നിന്നും മുരളി മാഷും ശ്രീഹരി മാഷും മുറതെറ്റാതെ വന്നു. മലയാള വിഭാഗത്തിലെ സന്തോഷ് മാനിച്ചേരി, അജിത്ത് എം എസ്, യു രാജീവ്, ഇക്കണോമിക്സിലെ പി മനോജ് എന്നീ സാഹിത്യ സാംസ്കാരിക കുതുകികളായ വിദ്യാർത്ഥികൾ ആ സഭയിലെ പ്രമുഖരായി. ക്രമേണ അതിലേക്ക് ശിവകുമാർ കാങ്കോലിനെ പോലെ അപൂർവ്വം Out of Campus കാരും വന്നു. അവിടത്തെ ചർച്ചകളിൽ പലപ്പോഴും ചരിത്രം കുഴിച്ചു. കവിതയിലെ പുതു വർത്തമാനം തളിർത്തു. സാമൂഹ്യ ശാസ്ത്രം പുകഞ്ഞു. സാഹിത്യം വിളഞ്ഞു. ബെല്ലടിക്കുമ്പോൾ അധ്യാപകർ ക്ലാസിലേക്കു പോയി. ആ തിടുക്കത്തിലും ചായയുടേയും ചോറിന്റെയും ചിലപ്പോഴെല്ലാം ഞങ്ങളിൽ ചിലർ പിന്നെയും വലിച്ചേക്കാവുന്ന വിൽസിന്റെയും തുക കൊടുക്കാൻ അവർ മറന്നില്ല. ഞങ്ങളിൽ പലരും അവിടെ തന്നെയിരുന്നു. പുതിയ മാഷ് ശ്രീഹരി പകുതി മാഷായും പകുതി വിദ്യാർത്ഥിയായും നമ്മോടൊപ്പം തന്നെ കഴിഞ്ഞു. അക്കാലത്ത് ഞങ്ങൾ SFIക്കാർ കഞ്ഞി കുടിക്കാൻ പോകുമ്പോൾ വഴിയിൽ മാഷെ കണ്ടാൽ 10 രൂപ ചോദിക്കും. മാഷത് സന്തോഷത്തോടെ നൽകുകയും ചെയ്തുവന്നു. ഇതൊരു തുടർക്കഥയായപ്പോൾ മുരളി മാഷോ മറ്റൊ സ്വകാര്യം പറഞ്ഞു.

"ശ്രീഹരി ദിവസവും പത്തോ ഇരുപതോ വീട്ടിൽ നിന്ന് വാങ്ങിയാണ് വരുന്നത്. അതും ഓർക്കുന്നത് നന്ന്.'" കോളേജ് അധ്യാപകൻ സമം യുജിസി എന്ന് വിചാരിച്ച ഞങ്ങൾ വൈകിയാണ് അറിഞ്ഞത് മാഷിനക്കാലം ശമ്പളം പോലുമുണ്ടായിരുന്നില്ലെന്ന്. അന്നാ അറിവ് ഞങ്ങൾക്കൊരു ഞെട്ടലായിരുന്നു. "ടൗണിലേക്കാണെങ്കിൽ ബൈക്കിൽ കയറാം." അപ്പോഴും ശ്രീഹരിമാഷ് ചിരിച്ചതേയുള്ളു.

എഴുത്തും വായനയും രാഷ്ട്രീയവും പഠനവും ആയി ആ കാലം വേഗം കഴിഞ്ഞു. ഞങ്ങൾ പലവഴിക്കു പിരിഞ്ഞു. ഞാൻ കൊച്ചി ദേശാഭിമാനിയിൽ ജോലിക്കുചേർന്നു. വല്ലപ്പോഴും പയ്യന്നൂർ വച്ച് അധ്യാപ


STUDENTS' COMPANION FOR COMMUNICATIVE ENGLISH
A COMPLETE AND COMPREHENSIVE ENGLISH GRAMMAR TEXT
AN ADVANCED, UNMATCHED, ESSENTIAL SELF-STUDY ENGLISH GRAMMAR COURSE - CUM- REFERENCE BOOK
MASTER COMMUNICATIVE ENGLISH SWIFTLY AND EASILY

Author: T. K. Narendran Nair M. A: M. Ed.
(A veteran English Teacher and Educationist)
Ph: 9447866480)

Foreword : Dr. Shashi Tharoor M. P.
Introduction : Dr. R. K. Jayaprakash, Director, SCERT.

FEATURES:

Parts of Speech | Tenses | Concord | Articles | Interrogatives
Active and Passive Voice | Reported Speech | Conditional Clauses
Degrees of Comparison | Figure of Speech | Usages of Words and Phrases
Interactions on Different Occasions, etc.
Letter Writing | Résumé (C. V.) | Précis Writing | Essays | Formal Speech
Group Discussion | Interview | Phonetics | Life Skills to be Developed



- Sample Question Papers with Answers for Competitive Examinations.
- Concise Definitions supported with explicit and expressive examples, in simple language.
- An indispensable Hand book for Students, Teachers and Professionals.

A precious Gift to the aspiring generation! Be a proud owner of an excellent Classic!

E-Book available

Distribution : D. C. Books, Kottayam

Price Rs. 600/-

കരെ ചിലരെ കണ്ടു. പ്രീഡിഗ്രി ഡിലിങ്കിന്റെ ഭാഗമായി ശ്രീഹരി മാഷ് സ്കൂളിലേക്ക് പോകേണ്ടിവന്നു എന്നറിഞ്ഞു.

കുറച്ച് വർഷങ്ങൾ കഴിഞ്ഞ് 2006 ജനുവരിയിൽ ഒരുദിവസം പവിത്രൻ മാഷ് വിളിച്ചു "പഷാ ഞാൻ നാളെ കൊച്ചിയിൽ വരുന്നുണ്ട്. ഒരു കേസിന്റെ ആവശ്യം കൂടെ ഹരിയുമുണ്ട് ശ്രീഹരി"

കുറേക്കാലത്തിനു ശേഷം വരാൻ പോകുന്ന ആ കൂടിക്കാഴ്ചയിൽ ഞാൻ ത്രില്ലിലായി. രാത്രി വൈകി രണ്ടുപേരുമെത്തി. അപ്പോഴേക്കും നേരത്തെ വന്ന മറ്റൊരതിഥിയുടെ കൂർക്കം വലിയാൽ ഞാൻ താമസിക്കുന്ന ഫ്ളാറ്റ് മുഖരിതമായിരുന്നു.

"ഓഫാകാത്ത ഏത് എഞ്ചിന്റെ ഒച്ചയാണ് കേൾക്കുന്നത്?" നർമ്മത്തിന്റെ പരകോടിയിൽ കവിത്വം സൂക്ഷിച്ച മാഷിന്റെ ചോദ്യം വന്നു. ഞങ്ങൾ ചിരിച്ചു പയ്യന്നൂരിൽ നിന്നും വന്ന മനോജാണ്. അപ്പു എന്ന് വിളിപ്പേര്. പാസ്പോർട്ട് മടക്കി കിട്ടാത്ത ഒരു പ്രശ്നം ഞാൻ പറഞ്ഞു.


"എന്നാലിനി വിസതന്നെ കിട്ടുമല്ലോ. ദേശാഭിമാനിയല്ലേ ഇടപെടൽ." മാഷ് പിന്നെയും പറഞ്ഞു. അങ്ങനെ തന്നെ നടക്കട്ടെ മാഷെ. ഞാനും പറഞ്ഞു.

അപ്പോഴേക്കും റൂമിലുണ്ടായിരുന്ന മറ്റൊരാളായ സതീഷ് ഗോപിയുമായി പവിത്രൻ മാഷ് ലിഖിതം വായനയുടെ രഹസ്യങ്ങൾ പങ്കുവയ്ക്കാൻ തുടങ്ങിയിരുന്നു.

മാഷിന് ആ മുറിയിൽ കൊതുകു വലയ്ക്കുള്ളിൽ കിടക്കാം കുറച്ച് രാത്രിവരെ ചൂടുണ്ടാവും ഞാൻ പറഞ്ഞു.

"AC ഉള്ളതുകൊണ്ട് കുഴപ്പമില്ല" ജനാലകൾ തുറന്നു കൊണ്ട് മാഷ് പറഞ്ഞു. പലപ്പോഴും പലവിധത്തിൽ കേട്ട ആ തമാശ പുതിയ സന്ദർഭത്തിലും ഫലിച്ചു. ഞങ്ങൾ ചിരിച്ചു.

2009 ൽ ഞാൻ കോളേജിലേക്ക് അതിഥി അധ്യാപകനായി എത്തി. പ്രീഡിഗ്രി വേർപെടുത്തിയതിന്റെ



ഭാഗമായി ഹയർ സെക്കന്ററിയിലേക്ക് മാറേണ്ടി വന്നിരുന്ന മാഷും താമസിയാതെ തിരിച്ചെത്തി. പയ്യന്നൂർ കോളേജിലെ ഞങ്ങളുടെ രണ്ടാം ജന്മം 2010 ൽ വീണ്ടും സജീവമായി.

മാഷ് പിന്നീട് പിഎച്ച്ഡി പഠനത്തിനായി ബ്രണ്ണനിലേക്കും പല ലൈബ്രറികളിലേക്കും മാറി മാറി പറന്നു. അപ്പോഴേക്കും സജീവമായ ഫെയ്സ്ബുക്ക് ൽ നിറഞ്ഞു നിന്നു ചിരിച്ചു വാസനാവികൃതിയെന്നോണം വായനയിൽ കമന്റുകളാൽ ചിരിപ്പിച്ചു കൊണ്ടേയിരുന്നു. ക്രമേണ ക്യാമ്പസിൽ സജീവമായി. ലൈബ്രറി കമ്മിറ്റിയിലും മറ്റ് വിവിധ കമ്മിറ്റികളിലും ചാർജ്ജ് വഹിച്ചു. AKPCTA യുടെ മിക്ക പരിപാടിയിലും കാറുമായി വന്ന് ഞങ്ങൾക്ക് യാത്രാസൗകര്യമൊരുക്കി.

എപ്പോഴും അക്കാദമിക് സ്വഭാവമുള്ള രാഷ്ട്രീയചിന്ത മാഷ് പുലർത്തി. കോളജിലെ സാഹിത്യഗ്രന്ഥിയായ എല്ലാ പരിപാടികൾക്കും കൂട്ടുനിന്നു. വിദ്യാർത്ഥിയൂണിയന് ഉപദേശകനായി. മാഗസിൻ തയ്യാറാക്കാൻ

മാഗ്നറ്റിലും ഓർജിനിലും ഉറക്ക മൊഴിച്ചു. ചില നാടകക്കാരുടെ അതിനാട്യങ്ങളെ വാത്സല്യത്തോടെ സ്വീകരിച്ചു. വിദ്യാർത്ഥികളെ സ്നേഹിച്ചു. ഫിലിം ഫെസ്റ്റിവൽ വേദികളിൽ പയ്യന്നൂർ കോളജിലെ വിദ്യാർത്ഥികൾക്ക് ആളും അർത്ഥവുമായി. ഇതിനിടയിലെല്ലാം സാഹിത്യത്തിലെ സൂക്ഷ്മ ചലനങ്ങളെയും പുതുമുറക്കാരെയും നന്നായി ശ്രദ്ധിച്ചു. സാഹിത്യ കൗതുകത്തിൽ ജീവിച്ചു. എ കെ പി സി ടി എ കൂടാതെ ദയ പോലുള്ള സംഘടനയിൽ പുറത്തും പ്രവർത്തിച്ചു. വൈകിയ വേളകളിൽ പലപ്പോഴും നിശാന്ത് മാഷിന് ഉറ്റ തോഴനായി. പുകാസയിലും "എതിർ ദിശ" ഓഫീസിലും പലപ്പോഴും സജീവമായി. എല്ലായിടത്തും എതിർപ്പുകളെയും സുയിപ്പുകളെയും വലയത്തിൽ (ബ്രാക്കറ്റിൽ) വരഞ്ഞിട്ടു. ഇമോജികളുടെ കാലം മാഷ് കാത്തിരുന്ന പോലായിരുന്നു. എത്രയെത്ര വെറൈറ്റി സ്റ്റിക്കറുകൾ. മാഷത് സൂക്ഷ്മതയോടെ ഉപയോഗിക്കുമ്പോൾ ഓരോന്നും മറുഭാഗത്ത് ഒരു ചെറുപുഞ്ചിരിയെങ്കിലും വിരിയിക്കുന്നതായി.

ഇതെല്ലാം വ്യക്തിവിശേഷങ്ങളാണെങ്കിലും മാഷിന്റെ രചനകളിലും ഏറിയും കുറഞ്ഞും നർമ്മം കുടിയേറി. എഴുത്തുകാരനായ സുഹൃത്തിനെ സ്മരിക്കുമ്പോൾ അദ്ദേഹത്തിന്റെ രചനകളെക്കൂടി ഓർക്കണമെന്ന നീതിബോധം കൊണ്ടാണ് ഇത്തരമൊരു വിശകലനം ഇവിടെ ചേർക്കുന്നത്.

എഴുത്തിലേക്കു കടക്കുമ്പോൾ തന്റെ രാഷ്ട്രീയബോധ്യമനുസരിച്ചാകാം പരമ്പരാഗതമായി കവിതയ്ക്ക് ഉപയോഗിച്ചുപോന്ന 'ഉദാത്തമായ' അല്ലെങ്കിൽ 'പവിത്രമായ' കാവ്യഭാഷയെ ശ്രീഹരിമാഷിലെ കവി പൂർണ്ണമായും നിരാകരിക്കുന്ന കാഴ്ച നമുക്കു കാണാം. നിത്യജീവിതത്തിലെ ഭാഷ, കമ്പോള പദങ്ങൾ, പത്ര ഭാഷ, സാങ്കേതിക പദാവലികൾ എന്നിവയെല്ലാം യാതൊരു മടിയുമില്ലാതെ അദ്ദേഹം കവിതയിലേക്ക് കൊണ്ടുവന്നു. കമ്പ്യൂട്ടർ യുഗത്തിലെ മലയാളിയുടെ ഭാവുകത്വത്തെ അടയാളപ്പെടുത്താൻ Photoshop,

ഇന്നലെവരെ നമ്മൾ ഒന്നിച്ച് പങ്കിട്ട ചിരികളും, സ്വപ്നങ്ങളും, വഴക്കുകളും ഇപ്പോഴും ഈ ക്യാമ്പസിൽ, ഞങ്ങളുടെ ഓർമ്മകളിൽ ഉണരുന്നുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ തളരുമ്പോൾ, മിത്രങ്ങളുടെ തോളിൽ കൈചേർത്തുപിടിച്ച് ഒപ്പമുണ്ടെന്നറിയിക്കുന്ന ആ സാന്നിധ്യം ഇപ്പോൾ ഒപ്പമില്ലെന്ന യാഥാർത്ഥ്യം നെഞ്ചിൽ ഒരു കനലായെരിയുന്നുമുണ്ട്.

System Hang, Recycle Bin, Copy-Paste തുടങ്ങിയ സൈബർ പദങ്ങൾ അദ്ദേഹം കവിതയുടെ കേന്ദ്ര രൂപകങ്ങളാക്കി.

"റീസൈക്കിൾബിന്നിൽ നിന്നും തിരിച്ചെടുത്തൊട്ടിച്ചൂ കണ്ണകി." തന്നെ ഉദാഹരണം.

ധനശാസ്ത്രപരമായ പദങ്ങളും ഉപഭോക്തൃ സംസ്കാരത്തിന്റെ പരസ്യവാചകങ്ങളും കവിതയിൽ സന്നിവേശിപ്പിച്ചു. Loan, IMF, Higher Purchase Scheme, Fixed Deposit, Subsidy തുടങ്ങിയ പദങ്ങൾ ആ കവിതയുടെ താളമായി മാറുന്നു .

"ലോണടക്കാൻ ലോണുവാങ്ങീ നീലകണ്ഠൻ" എന്നിങ്ങനെ വ്യത്യസ്തമായ തമാശ ശൈലികൾ, മിത്തുകൾ, ചരിത്രസന്ദർഭങ്ങൾ, ജനപ്രിയ സംസ്കാരത്തിന്റെ ഘടകങ്ങൾ എന്നിവയെല്ലാം ഒരേ ക്യാൻവാസിൽ കൂട്ടിക്കലർത്തുന്നതു കാണാം. മറ്റു കൃതികളെയോ കഥാപാത്രങ്ങളെയോ വരികളെയോ സ്വന്തം കൃതിയിലേക്ക് സ്വാംശീകരിക്കുകയും അവയെ പുനർവായനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്ന രീതി ശ്രീഹരിമാഷിന്റെ കവിതകളിൽ പ്രകടമാണ്. ശക്തമായ അന്തർപാഠപരമായ രാഷ്ട്രീയ വിമർശനം കൂടിയാണ് ആ കവിതകൾ ചിലതെല്ലാം.

വൈകാരികമായി വിലപിക്കുന്നതിന് പകരം കഠിനമായ ആക്ഷേപഹാസ്യത്തിലൂടെയും ഇരുണ്ട ഹാസ്യത്തിലൂടെയുമാണ് മലയാളീജീവിതത്തിലെ കഠിനയാഥാർത്ഥ്യങ്ങളെയും തകർച്ചകളെയും അദ്ദേഹം അവതരിപ്പിക്കുന്നത്. മലയാളിയുടെ ഉപഭോഗ്തൃജീവിതത്തിന്റെ സങ്കരഭാഷയാണ് ആ കവിതയിലെ ഭാഷ. ഉദാത്തമായ ഭാവനകളെയും മിത്തുകളെയും കമ്പോളത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങളിലേക്ക് വലിച്ചിറക്കി അപനിർമ്മിക്കുന്നതിലൂടെയാണ് അദ്ദേഹത്തിന്റെ കവിതകൾ സമകാലിക മലയാള സാഹിത്യത്തിൽ വേറിട്ടൊരു ചിരിയും ചിന്തയും പടർത്തുന്നത് എന്നു വേണം മനസ്സിലാക്കാൻ. രചനാപരമായ സംഭാവനകളുടെ വിലയിരുത്തലിന് കൂടുതൽ സ്ഥലം ആവശ്യമായതിനാൽ അത് പിന്നൊരിക്കലാവാമെന്നു കരുതുന്നു. അതിനാൽ വൈയക്തികമായി തന്നെ മടങ്ങിവരികയാണ്. ചില വേർപാടുകൾക്ക് കാലം പോലും മാപ്പ് നൽകില്ലെന്ന് പറയുന്നത് എത്ര ശരിയാണെന്ന് തോന്നുന്നു. മാഷില്ലാത്ത ഒരു ലോകത്താണ് ജീവിക്കുന്നതെന്ന് വിശ്വസിക്കാൻ ഇന്നും എന്റെ മനസ്സ് വിസമ്മതിക്കുന്നു. മരണത്തിന്റെ തണുപ്പിലേക്ക് ഇത്ര പെട്ടെന്ന് നടന്നുപോകുവാൻ മാത്രം എന്ത് ധൃതിയായിരുന്നു മാഷേ.

ഇന്നലെവരെ നമ്മൾ ഒന്നിച്ച് പങ്കിട്ട ചിരികളും, സ്വപ്നങ്ങളും, വഴക്കുകളും ഇപ്പോഴും ഈ ക്യാമ്പസിൽ, ഞങ്ങളുടെ ഓർമ്മകളിൽ ഉണരുന്നുണ്ട്. ജീവിതത്തിന്റെ പ്രതിസന്ധികളിൽ തളരുമ്പോൾ, മിത്രങ്ങളുടെ തോളിൽ കൈചേർത്തുപിടിച്ച് ഒപ്പമുണ്ടെന്നറിയിക്കുന്ന ആ സാന്നിധ്യം ഇപ്പോൾ ഒപ്പമില്ലെന്ന യാഥാർത്ഥ്യം നെഞ്ചിൽ ഒരു കനലായെരിയുന്നുമുണ്ട്. വാക്കുകൾ കൊണ്ട് അളക്കാനാവാത്തത്ര ആഴമുണ്ടായിരുന്നു മാഷിന്റെ സൗഹൃദത്തിന്. ശ്രീഹരിമാഷ് ബാക്കിവെച്ചുപോയ ഓർമ്മകളുടെ സുഗന്ധത്തിൽ ഞങ്ങൾ ജീവിക്കട്ടെ. ■

ഡോ. മനേഷ് മൈക്കിൾ
ഭാരതമാതാ കോളേജ്, തൃക്കാക്കര


കൃത്രിമ സൂര്യനെ തേടുന്ന മനുഷ്യൻ

ശുദ്ധവും സുരക്ഷിതവും അതുല്യവുമായ ഊർജ്ജ ഉറവിടം കണ്ടെത്താനുള്ള പരിശ്രമം മനുഷ്യചരിത്രത്തിലെ ഏറ്റവും വലിയ ശാസ്ത്രീയ ശ്രമങ്ങളിലൊന്നാണ്. ഫോസിൽ ഇന്ധനങ്ങൾക്ക് പകരം ലഭ്യമായ നിരവധി മാർഗങ്ങളിൽ അണുസംയോജനം അഥവാ ന്യൂക്ലിയർ ഫ്യൂഷൻ ഏറ്റവും പ്രതീക്ഷാജനകമായതാണ്. അടുത്തകാലത്ത് ഫ്യൂഷൻ ഗവേഷണ രംഗത്ത് നിരവധി ശ്രദ്ധേയ പുരോഗതികൾ സംഭവിച്ചിട്ടുണ്ട്.

പ്ലാസ്മയും അണുസംയോജനവും

പ്ലാസ്മയെ സാധാരണയായി ദ്രവ്യത്തിന്റെ നാലാമത്തെ അവസ്ഥ എന്ന് വിളിക്കുന്നു. ഇത് ഖരം, ദ്രാവകം, വാതകം എന്നിവയിൽനിന്നും വ്യത്യസ്തമാണ്. അത്യന്തം ഉയർന്ന താപനിലയിൽ വാതകത്തിൻറെ അണുക്കൾക്ക് ഇലക്ട്രോണുകൾ നഷ്ടപ്പെടുകയും, അവ സ്വതന്ത്രമായി ചലിക്കുന്ന അയോണുകളും ഇലക്ട്രോണുകളും അടങ്ങിയ മിശ്രിതമായി മാറുകയും ചെയ്യുമ്പോഴാണ് പ്ലാസ്മ രൂപപ്പെടുന്നത്. വൈദ്യുതകാന്തിക ബലങ്ങൾ പ്ലാസ്മയെ എളുപ്പത്തിൽ സ്വാധീനിക്കുന്നതിനാൽ ഇത് സാധാരണ വാതകങ്ങളിൽ നിന്ന് വ്യത്യസ്തമായി പെരുമാറുന്നു. മിന്നൽ, ധ്രുവദീപ്തി, ഭൗമകാന്തികമണ്ഡലം, അയണോസ്ഫിയർ, സൂര്യൻ ഉൾപ്പെടെയുള്ള നക്ഷത്രങ്ങളിലെ ദ്രവ്യം മുതലായവ പ്രകൃതിയിൽ സ്വാഭാവികമായി കാണപ്പെടുന്ന പ്ലാസ്മ അവസ്ഥയുടെ ഉദാഹരണങ്ങൾ ആണ്.

പ്ലാസ്മ എന്നത് അണുസംയോജനം അഥവാ ന്യൂക്ലിയർ ഫ്യൂഷൻ എന്ന പ്രക്രിയയുടെ അടിസ്ഥാന ഘടകമാണ്. അണുസംയോജനം എന്നാൽ രണ്ടോ അതിലധികമോ ഭാരം കുറഞ്ഞ അണുകേന്ദ്രങ്ങൾ (nuclei) കൂടിച്ചേർന്ന് ഭാരം കൂടിയ ഒരൊറ്റ അണുകേന്ദ്രമായി മാറുന്ന പ്രക്രിയയാണ്. ഈ പ്രക്രിയയിൽ വൻതോതിലുള്ള ഊർജ്ജം പുറത്തുവിടുന്നു. പ്രധാനമായും, ഹൈഡ്രജൻ പോലുള്ള ഭാരം കുറഞ്ഞ മൂലകങ്ങളുടെ അണുകേന്ദ്രങ്ങൾ അതിശക്തമായ താപത്തിലും മർദ്ദത്തിലും പരസ്പരം സംയോജിച്ച് ഹീലിയം പോലുള്ള ഭാരം കൂടിയ അണുകേന്ദ്രമായി മാറുന്നു. സംയോജനത്തിലൂടെ ഉണ്ടാകുന്ന പുതിയ അണുകേന്ദ്രത്തിന്റെ ആകെ ഭാരം, സംയോജിച്ച അണുകേന്ദ്രങ്ങളുടെ ആകെ ഭാരത്തേക്കാൾ അൽപ്പം കുറവായിരിക്കും. ഈ ഭാരവ്യത്യാസം (mass defect) ഐൻസ്റ്റീന്റെ $E=mc^2$ എന്ന സമവാക്യം അനുസരിച്ച് ഊർജ്ജമായി പുറത്തുവരുന്നു. പ്രകൃതിയിലെ അണുസംയോജനത്തിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് സൂര്യനിലും മറ്റ് നക്ഷത്രങ്ങളിലും നടക്കുന്ന ഊർജ്ജോത്പാദന



പ്രവർത്തനം. സൂര്യൻ ഊർജ്ജം ഉത്പാദിപ്പിക്കുന്നത് ഹൈഡ്രജൻ അണുകേന്ദ്രങ്ങളെ സംയോജിപ്പിച്ചാണ്. അണുസംയോജനം ഭൂമിയിൽ ഒരു ഊർജ്ജസ്രോതസ്സായി ഉപയോഗിക്കാൻ ശ്രമങ്ങൾ നടക്കുന്നുണ്ട്. എന്നാൽ, ഈ പ്രക്രിയയ്ക്ക് സൂര്യനിലേതുപോലെ വളരെ ഉയർന്ന താപനിലയും മർദ്ദവും ആവശ്യമായതിനാൽ, അത് നിയന്ത്രിതമായി നിലനിർത്തുന്നത് ഒരു വലിയ സാങ്കേതിക വെല്ലുവിളിയാണ്.

അണുസംയോജന റിയാക്ടർ (Nuclear Fusion Reactor)

അണുസംയോജന റിയാക്ടർ എന്നത്, സൂര്യനിലും മറ്റ് നക്ഷത്രങ്ങളിലും സ്വാഭാവികമായി നടക്കുന്ന അണുസംയോജന പ്രക്രിയയെ ഭൂമിയിൽ നിയന്ത്രിതമായ രീതിയിൽ ആവർത്തിച്ച് ഊർജ്ജം ഉത്പാദിപ്പിക്കാൻ രൂപകൽപ്പന ചെയ്ത ഒരു യന്ത്രമാണ്. ഇതിന്റെ പ്രധാന ധർമ്മം, സംയോജനത്തിന് ആവശ്യമായ അവസ്ഥകൾ സൃഷ്ടിച്ച്, ആ പ്രക്രിയയെ സുരക്ഷിതമായും സുസ്ഥിരമായും നിലനിർത്തുക എന്നതാണ്. സംയോജനം സംഭവിക്കാൻ ഇന്ധനത്തെ (ഡ്യൂട്ടീരിയം, ട്രിഷ്യം പോലുള്ള ഹൈഡ്രജൻ ഐസോടോപ്പുകൾ) ഏകദേശം 150 ദശലക്ഷം ഡിഗ്രി സെൽഷ്യസിലധികം താപനിലയിലേക്ക് ചൂടാക്കുന്നു. ഈ താപനിലയിൽ പദാർത്ഥം പ്ലാസ്മ എന്ന അവസ്ഥയിലേക്ക് മാറും. ഇത്രയും ഉയർന്ന താപനിലയുള്ള പ്ലാസ്മയെ സാധാരണ സംഭരണിയിൽ ഉൾക്കൊള്ളാൻ കഴിയില്ല. അതിനാൽ, റിയാക്ടറിന്റെ ഭിത്തികളിൽ സ്പർശിക്കാതെ, വളരെ ശക്തമായ കാന്തിക മണ്ഡലങ്ങൾ ഉപയോഗിച്ച് ഈ പ്ലാസ്മയെ ഒരു പ്രത്യേക രൂപത്തിൽ (സാധാരണയായി ടോകാമാക് എന്നറിയപ്പെടുന്ന ടോറോയ്ഡൽ രൂപത്തിൽ) പിടിച്ചു നിർത്തുന്നു. സംയോജനത്തിലൂടെ ഉണ്ടാകുന്ന ഊർജ്ജ കണികകൾ (പ്രധാനമായും ന്യൂട്രോണുകൾ) റിയാക്ടറിന്റെ പുറം ഭിത്തികളിൽ തട്ടി താപം ഉത്പാദിപ്പിക്കുന്നു. ഈ താപം ഉപയോഗിച്ച് വെള്ളം തിളപ്പിച്ച് നീരാവിയാക്കി വൈദ്യുതി ഉത്പാദിപ്പിക്കുന്നു. അണുസംയോജന റിയാക്ടറുകൾ, കാർബൺ പുറന്തള്ളാത്തതും ദീർഘകാലത്തേക്ക് ലഭ്യമായതുമായ ഊർജ്ജം നൽകാനുള്ള സാധ്യത കാരണം ഭാവിയിലെ പ്രധാന ഊർജ്ജ സ്രോതസ്സായി കണക്കാക്കപ്പെടുന്നു.

അണുസംയോജന റിയാക്ടറിന്റെ Q ഘടകം (Q Factor)

Q ഘടകം എന്നത് ഒരു സംയോജന പ്രവർത്തനം എത്രത്തോളം കാര്യക്ഷമമാണ് എന്ന് അളക്കുന്ന ഒരു ശാസ്ത്രീയ മാനദണ്ഡമാണ്. Q ഘടകം എന്നാൽ, പ്ലാസ്മയിൽ നിന്ന് സംയോജനത്തിലൂടെ പുറത്തുവ

രുന്ന ഊർജ്ജത്തിന്റെ അളവും പ്ലാസ്മയെ ചൂടാക്കി ആ പ്രവർത്തനം നിലനിർത്താൻ നാം നൽകുന്ന ഊർജ്ജത്തിന്റെ അളവും തമ്മിലുള്ള അനുപാതം (Ratio) ആണ്. വാണിജ്യപരമായ വൈദ്യുതി ഉത്പാദനത്തിനായി, Q ന്റെ മൂല്യം 10-ഓ അതിൽ കൂടുതലോ ആയിരിക്കണം. ചുരുക്കത്തിൽ, ഒരു ഫ്യൂഷൻ റിയാക്ടറിന്റെ Q ഘടകം എത്രത്തോളം കൂടുതലാണോ, അത്രത്തോളം കാര്യക്ഷമമായി അത് വൈദ്യുതി ഉത്പാദിപ്പിക്കാൻ സാധ്യതയുണ്ട്.

ഐറ്റർ (ITER) പദ്ധതി

ITER എന്ന ചുരുക്കനാമത്തിൽ അറിയപ്പെടുന്ന ഇന്റർനാഷണൽ തെർമോന്യൂക്ലിയർ എക്സ്പീരിമെന്റൽ റിയാക്ടർ യൂറോപ്യൻ യൂണിയൻ, ഇന്ത്യ, യുഎസ്എ, ചൈന, ജപ്പാൻ, ദക്ഷിണ കൊറിയ, റഷ്യ എന്നീ ഏഴ് രാജ്യങ്ങളുടെ സംയുക്ത സംരംഭമാണ്. ITER എന്ന ആശയം രൂപം കൊണ്ടത് 1985-ൽ അമേരിക്കൻ പ്രസിഡന്റ് റൊണാൾഡ് റീഗനും സോവിയറ്റ് യൂണിയൻ ജനറൽ സെക്രട്ടറി ഗോർബച്ചേവും തമ്മിൽ നടന്ന ഉച്ചകോടിയിലാണ്. ദക്ഷിണ ഫ്രാൻസിലെ കദരാഷെ എന്ന സ്ഥലത്തു ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ 2007-ൽ ആരംഭിച്ചു. Q = 10 എന്ന ഊർജ്ജ ആദായം കൈവരിക്കുക എന്നതാണ് ITER-ന്റെ പ്രാഥമിക ലക്ഷ്യം. നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു കൊണ്ടിരിക്കുന്ന ഐറ്റർ പൂർത്തിയാകുമ്പോൾ, ലോകത്തിലെ ഏറ്റവും വലിയ ടോകാമാക്കായി മാറും. 2030-കളോടെ പ്ലാസ്മ പരീക്ഷണങ്ങൾ പൂർണതോതിൽ ആരംഭിക്കാൻ ഐറ്റർ ലക്ഷ്യമിടുന്നു.

ജെറ്റ് (JET - ജോയിന്റ് യൂറോപ്യൻ ടോറസ്)

ഫ്യൂഷൻ ഊർജ്ജ ഗവേഷണത്തിനായി രൂപകൽപന ചെയ്ത ലോകത്തിലെ ഏറ്റവും വലുതും ശക്തവുമായ ഉപകരണങ്ങളിൽ ഒന്നായിരുന്നു ജെറ്റ് എന്ന ടോകാമാക്. 1983-ൽ യുകെയിലെ ഓക്സ്ഫോർഡ്ഷെയറിലുള്ള കൾഹാം സെന്റർ ഫോർ ഫ്യൂഷൻ എനർജിയിൽ പ്രവർത്തനം ആരംഭിച്ച ഈ റിയാക്ടർ യൂറോപ്യൻരാജ്യങ്ങളുടെ ഒരു കൂട്ടായ സംരംഭമായിരുന്നു. വൈദ്യുതി ഉൽപാദനത്തിന് സാധ്യതയുള്ള ഡ്യൂട്ടീരിയം-ട്രിഷ്യം ഇന്ധന മിശ്രിതം ഉപയോഗിച്ച് പരീക്ഷണം നടത്തിയ ലോകത്തിലെ ആദ്യത്തെ ടോകാമാക് ജെറ്റ് ആയിരുന്നു. ജെറ്റ് പല തവണ ഫ്യൂഷൻ ഊർജ്ജ ഉൽപാദനത്തിൽ ലോക റെക്കോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്. ഏറ്റവും ഒടുവിൽ 2023-ൽ, 5.2 സെക്കൻഡ് നേരത്തേക്ക് ഉയർന്ന ഫ്യൂഷൻ പവർ നിലനിർത്തിക്കൊണ്ട് 69 മെഗാജൂൾ ഊർജ്ജം ഉത്പാദിപ്പിച്ചു. ഈ നേട്ടം ഫ്യൂഷൻ ഊർജ്ജ രംഗത്തെ ഒരു സുപ്രധാന നാഴികക്കല്ലായിരുന്നു. ഫ്യൂഷൻ ഗവേഷണ രംഗത്തെ ഒരു യുഗത്തിന് അന്ത്യം കുറിച്ചുകൊണ്ട് 2023 ഡിസംബറിൽ ജെറ്റിന്റെ പരീക്ഷണങ്ങൾ അവസാനിപ്പിച്ചു. ലോകത്തിലെ ഏറ്റവും വലിയ പരീക്ഷണാത്മക ഫ്യൂഷൻ റിയാക്ടറായ ITER-ന്റെ രൂപകൽപനയ്ക്കും നിർമ്മാണത്തിനും ജെറ്റിൽ നിന്നുള്ള ഗവേഷണ ഫലങ്ങൾ വളരെ നിർണ്ണായകമായി.

നാഷണൽ ഇഗ്നിഷൻ ഫെസിലിറ്റി (NIF)

നാഷണൽ ഇഗ്നിഷൻ ഫെസിലിറ്റി സ്ഥിതി ചെയ്യുന്നത് അമേരിക്കയിലെ കാലിഫോർണിയയിലുള്ള ലോറൻസ് ലിവർമോർ നാഷണൽ ലബോറട്ടറിയിൽ ആണ്. ലോകത്തിലെ ഏറ്റവും വലിയതും ഊർജ്ജസ്വലവുമായ ലേസർ സംവിധാനം ഉപയോഗിച്ച് ന്യൂക്ലിയർ ഫ്യൂഷൻ നടത്താൻ ശ്രമിക്കുന്ന ഒരു ഗവേഷണ കേന്ദ്രമാണിത്. 2022 ൽ NIF ശാസ്ത്രലോകത്ത് ഒരു ചരിത്ര നേട്ടം കൈവരിച്ചു. അണുസംയോജനത്തിനായി ഉപയോഗിച്ച ലേസർ രശ്മിയുടെ ഊർജ്ജത്തേക്കാൾ കൂടുതൽ ഫ്യൂഷൻ ഊർജ്ജം റിയാക്ടറിനുള്ളിൽ നിന്ന് പുറത്തുവിടാൻ അവർക്ക് കഴിഞ്ഞു. ഏറ്റവും പുതിയ റിപ്പോർട്ടുകൾ അനുസരിച്ച് NIF പരീക്ഷണങ്ങളിൽ Q = 4.13 വരെ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ട്.

EAST - എക്സ്പെരിമെന്റൽ അഡ്വാൻസ്ഡ് സൂപ്പർകണ്ടക്റ്റിംഗ് ടോകാമാക്

ചൈനയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പ്ലാസ്മാ ഫിസിക്സ് വികസിപ്പിച്ചെടുത്ത ഒരു ന്യൂക്ലിയർ ഫ്യൂഷൻ ഗവേഷണ ഉപകരണമാണിത്. ഇതിന് ചൈനീസ് ഭാഷയിൽ "കൃത്രിമ സൂര്യൻ" എന്നും വിളിപ്പേരുണ്ട്. അണുസംയോജന പ്രതിപ്രവർത്തനങ്ങൾ സാധ്യമാക്കാൻ, സൂര്യന്റേതിന് സമാനമായ അവസ്ഥകൾ ഭൂമിയിൽ സൃഷ്ടിക്കുന്നതിനുള്ള ഒരു കാന്തിക സങ്കോചന ഉപകരണമാണിത്. ഫ്യൂഷൻ പ്ലാസ്മയെ സൂര്യന്റെ ഉള്ളിലുള്ളതിനേക്കാൾ 10 മടങ്ങ് കൂടുതൽ താപനിലയിൽ ദീർഘനേരം നിലനിർത്തുക എന്നതാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ഇതിൽ ഉപയോഗിച്ചിരിക്കുന്ന കാന്തിക മണ്ഡലങ്ങൾ സൃഷ്ടിച്ചിരിക്കുന്നത് സൂപ്പർകണ്ടക്റ്റിംഗ് മാഗ്നറ്റുകൾ ഉപയോഗിച്ചാണ്. ഇത് സ്ഥിരമായി, കാര്യക്ഷമതയോടെ കാന്തിക മണ്ഡലം നിലനിർത്താൻ സഹായിക്കുന്നു. 2024-ൽ ഏകദേശം 120 ദശലക്ഷം ഡിഗ്രി സെൽഷ്യസ് താപനിലയിൽ പ്ലാസ്മയെ 101 സെക്കൻഡ് നിലനിർത്തി ലോക റെക്കോർഡ് സ്ഥാപിച്ചു.

ലോകത്ത് ഇതു വരെ നിർമ്മിക്കപ്പെട്ട എല്ലാ ഫ്യൂഷൻ റിയാക്ടറുകളും ദശാബ്ദങ്ങളായി നടന്നുവരുന്ന അന്താരാഷ്ട്ര ശാസ്ത്രീയ സഹകരണത്തിന്റെയും മനുഷ്യബുദ്ധിയുടെയും ഫലമാണ്. അണുസംയോജനം വഴി സ്ഥിരതയുള്ള വൈദ്യുതി ഉത്പാദനം സാധ്യമാക്കാൻ ഇപ്പോഴും വെല്ലുവിളികൾ നിലനിൽക്കുന്നുണ്ടെങ്കിലും, സമീപകാലത്തെ നേട്ടങ്ങൾ ഫ്യൂഷൻ ഊർജ്ജം യാഥാർത്ഥ്യത്തിലേക്ക് അടുത്തതായി സൂചിപ്പിക്കുന്നു. നിലവിലെ ഫ്യൂഷൻ റിയാക്ടറുകൾ പൂർണമായും പ്രവർത്തനക്ഷമമായാൽ, ഫ്യൂഷൻ മനുഷ്യരാശിയുടെ ഊർജ്ജ ചരിത്രത്തിലെ വിപ്ലവമാകുമെന്ന് ഉറപ്പാണ്. നക്ഷത്രങ്ങൾക്ക് ഊർജ്ജം നൽകുന്ന അതേ ശക്തിയെ മനുഷ്യൻ കൈവശപ്പെടുത്തുന്ന ദിനം വിദൂരമല്ല.

■

ഇ. എം. സുരജ
എൻ.എസ്.എസ്. കോളേജ്, ഒറ്റപ്പാലം

ജാനകി, നാദരൂപിണി...

"തേനും വയമ്പും നാവിൽ തൂകും" എന്ന പാട്ടുകേൾക്കുമ്പോഴൊക്കെ, ആദ്യ വരിയുടെ അറ്റത്തു നിന്ന്, 'വാനമ്പാടീ' എന്നൊരു വിളി കൂടെപ്പോരുന്നതായും അത്യധികം ആർദ്രതയോടെ "വീണ്ടും... വീണ്ടും... വീണ്ടും..." എന്ന് അതു തുടരുമ്പോൾ, ശബ്ദത്തിലെ നേർത്ത ഇടർച്ചയും നാണം കലർന്ന പുഞ്ചിരിയും മനസ്സിനെ കീഴ്പ്പെടുത്തുന്നതായും അനുഭവപ്പെട്ടിട്ടുണ്ടോ? ശ്വാസനിശ്വാസങ്ങളാലും മൂളലുകളാലും വരികൾക്കിടയിലെ നിശബ്ദതകളാലും വൈകാരികപ്രപഞ്ചത്തെ അനായാസം അനാവരണം ചെയ്യാമെന്ന് തെളിയിച്ച ഗായികയായിരുന്നു എസ്. ജാനകി; അവരുടെ ഗാനപ്രപഞ്ചത്തിലെ ഏതു ബിന്ദുവിൽ നിന്നും കണ്ടെടുക്കാൻ സാധിക്കും, ഇത്തരം നൂറുനൂറ് അനുഭൂതിനിമിഷങ്ങൾ!

ഇന്ത്യൻ സിനിമ അതിവേഗം മാറിക്കൊണ്ടിരുന്ന ഒരു കാലഘട്ടത്തിലാണ് എസ്. ജാനകി രംഗപ്രവേശം ചെയ്യുന്നത്. സാങ്കേതികവിദ്യയുടെ വളർച്ച, പുതിയ ഭാഷാതിർത്തികൾ, നായികാനായകന്മാരുടെ ബഹുത്വം, നവീനമായ കഥാസന്ദർഭങ്ങൾ, കറുപ്പിലും വെളുപ്പിലും നിന്ന് നിറപ്പെരുക്കത്തിലേക്കുള്ള സിനിമയുടെ സംക്രമണം: ഇവയെല്ലാം ഒരുമിച്ചു സംഭവിച്ച ചരിത്രഘട്ടത്തിലാണ് ജാനകി എന്ന പെൺകുട്ടി പാടാനെത്തുന്നത്: ഏതു കഥാപാത്രത്തിലേക്കും ചേരാനാവുംവിധം അയവുള്ളതും (flexibility), എന്നാൽ ശൈലിയുടെ സാങ്കേതികത്തികവു കൊണ്ട് മുറുക്കമുള്ളതുമായ (aural control) ഒരു ആലാപനശൈലിയുമായി. തെന്നിന്ത്യൻ സിനിമയുടെ വസന്തകാലത്ത്, അവരില്ലാതെ ഇന്ത്യൻ സിനിമയുടെ ചരിത്രം എഴുതിത്തീർക്കാനാവില്ലെന്ന് അക്കാലത്ത് ആരും വിചാരിച്ചിട്ടു പോലുമുണ്ടാവില്ല; എന്നിട്ടും, അതങ്ങനെ സംഭവിയ്ക്കുക തന്നെ ചെയ്തു.

ഏതു സിനിമാഗാനത്തിനും മൂന്നു പാഠങ്ങളുണ്ടല്ലോ: കവി എഴുതിയ സാഹിത്യപാഠം, ഗായിക /ഗായകൻ സ്വരൂപിക്കുന്ന ശ്രവ്യപാഠം, സിനിമയുടെ സന്ദർഭത്തിൽ ചിത്രീകരിക്കപ്പെടുന്ന ദൃശ്യപാഠം. ഇവ മൂന്നും ചേരുമ്പോഴാണ് ആസ്വാദകമനസ്സിൽ ആ പാട്ടിന്റെ ഒരു 'സൂഷ്മർ ടെക്സ്റ്റ്' രൂപപ്പെടുന്നത്. ചില പാട്ടുകളിൽ വരികളുടെ ഗാംഭീര്യമോ ദൃശ്യവൽക്കരണത്തിന്റെ മിഴിവോ ശ്രവ്യപാഠത്തെ മറികടക്കാറുണ്ട്. എസ്. ജാനകിയുടെ കാര്യത്തിൽ ആലാപനം എപ്പോഴും മറ്റു പാഠങ്ങളെ മറികടന്നു. ഈണവും വരികളും ദൃശ്യവും നിശ്ചയിച്ച അതിരുകൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ, നിശ്വാസങ്ങൾ, ഹമ്മിംഗുകൾ, സ്വരവ്യത്തിയാനങ്ങൾ എന്നിവയിലൂടെ അവർ ഒരു സ്വതന്ത്ര സംഗീതപാഠം (independent musical text) നിർമ്മിച്ചെടുത്തു. 'വരുമല്ലോ, രാവിൽ പ്രിയതമൻ..' എന്ന പാട്ടിലെ പ്രതീക്ഷയുടെ അലയോ, 'താമരക്കുമ്പിളല്ലോ മമ ഹൃദയം' എന്ന പാട്ടിൽ തുളുമ്പുന്ന ആർദ്രതയോ ഇല്ലാതെ ആ പാട്ടുകളുടെ 'സൂഷ്മർ ടെക്സ്റ്റിനെ' സങ്കൽപ്പിക്കാൻ പോലുമാവില്ല.



റെക്കോർഡിംഗ് സ്റ്റുഡിയോയിൽ, മൈക്രോഫോണിനു വേണ്ടി മാത്രം സംഭവിച്ചതായിരുന്നില്ല, എസ്. ജാനകിയുടെ ഗാനങ്ങൾ. കഥാപാത്രം ക്യാമറയ്ക്ക് മുന്നിൽ എങ്ങനെ ചലിക്കുന്നുവോ അതിനു സമാന്തരമായി സ്വന്തം ശബ്ദത്തെയും ശ്വാസത്തെയും വിന്യസിക്കാൻ (aural choreography) അവർക്ക് കഴിഞ്ഞു എന്നത് പലരും നിരീക്ഷിച്ചിട്ടുണ്ടല്ലോ. നായിക സ്ക്രീനിൽ ഓടുമ്പോൾ ജാനകിയുടെ സ്വരത്തിലും ആ കിതപ്പിന്റെ വേഗതയുണ്ടാകും; നായിക മയക്കത്തിലേക്ക് വീഴുമ്പോൾ ആ ശബ്ദവും മൂടിപ്പുതയ്ക്കും. എന്നാൽ, ഇങ്ങനെ നായികയുടെ ശരീരഭാഷയെ സ്വന്തം ശബ്ദം കൊണ്ട് പൂരിപ്പിയ്ക്കുന്നതിലൂടെ സിനിമാഭിനയത്തിന്റെ പകുതി പങ്കാളിയായി / അവകാശിയായി മാറുകയായിരുന്നു എസ്. ജാനകി എന്ന് നമ്മൾ തിരിച്ചറിയാറില്ല.

പാട്ടിന്റെ വൈകാരികഭൂപടത്തിൽ കുറുമ്പും പ്രണയവും കാമവും (sensuality) തമ്മിൽ വളരെ നേർത്ത അതിർവരമ്പുകളേയുള്ളൂ. ലയം അല്പമൊന്നു തെറ്റിയാൽ കുസൃതി വെറും കൊഞ്ചലായും പ്രണയം അശ്ലീലമായും വഴിമാറിപ്പോകാം. ഈ അതിർത്തിരേഖയിൽ ഏറെ കൃത്യതയോടെ, സൂക്ഷ്മതയോടെ സഞ്ചരിക്കാൻ കഴിഞ്ഞു എന്നതാണ്, ജാനകിയുടെ പ്രധാന സവിശേഷതയായി തോന്നിയിട്ടുള്ളത്. അവരുടെ ശബ്ദത്തിൽ കുറുമ്പ് വിടരുമ്പോൾ അവിടെ ഒരു കുട്ടിയുടെ നിഷ്കളങ്കതയുണ്ടാകും; അതേ ശബ്ദത്തിൽ പ്രണയാതുരത നിഴലിക്കുമ്പോൾ അത് ഉടലിന്റെ ആഘോഷത്തിനപ്പുറം ഹൃദയത്തിന്റെ ആതുരതയായി മാറും. വരികൾക്കിടയിലെ നിശ്വാസങ്ങൾ കൊണ്ടും, അപാരമായ ശബ്ദനിയന്ത്രണം (Voice Control) കൊണ്ടും വികാരങ്ങളുടെ ഈ നേർത്ത വ്യത്യാസങ്ങളെ പാട്ടിന്റെ മാധുര്യത്തിന് കോട്ടം തട്ടാതെ അവതരിപ്പിക്കുന്നതിൽ അവർക്കുള്ള കയ്യടക്കം എത്ര പ്രശംസിച്ചാലും അധികമാകില്ല. ഉദാഹരണത്തിന്, ഇളയരാജയുടെ സംഗീതത്തിൽ, ഓളങ്ങൾ (1982) എന്ന ചിത്രത്തിലെ "തുമ്പീ വാ തുമ്പക്കുടത്തിൽ..." എന്ന ഗാനം. അതിൽ, കുസൃതിയുണ്ട്, എന്നാൽ അതിലുമേറെയുണ്ട്, വാത്സല്യവും ഉത്സാഹവും. കൊച്ചുകുട്ടിയുടെയോ ചെറുപ്പക്കാരിയുടെയോ പ്രസരിപ്പ് കേവലം കൊഞ്ചലായി അധഃപതിക്കാതെ അവതരിപ്പിക്കാൻ സ്വന്തം സ്വരസൗന്ദര്യത്തിലൂടെ ജാനകിക്ക് സാധിച്ചു.

മലയാളികളെ സംബന്ധിച്ചിടത്തോളം, ഇരയിമ്മൻ തമ്പിയുടെ "ഓമനത്തിങ്കൾ കിടാവോ..." എന്ന ഗാനം വാത്സല്യഭാവത്തിന്റെ ആദിപ്രരൂപമാണ്. തികച്ചും ക്ലാസിക് എന്നു വിളിക്കാവുന്ന ഈ താരാട്ടിനെ അടിസ്ഥാനമാക്കി, ഓ.എൻ.വി. എഴുതിയ, "ഓമനത്തിങ്കൾ കിടാവോ പാടിപ്പാടി..." (ഇത്തിരിപ്പൂവേ ചുവന്നപൂവേ എന്ന ചിത്രത്തിൽ) എന്ന ഗാനം ജാനകി പാടുമ്പോൾ, മാതൃത്വവും വാത്സല്യവും താരാട്ടിന്റെ സ്വാഭാവികമായ ഈണവും മാറിമാറി സ്ഫുരിയ്ക്കും: ഓർമ്മകളിൽ, ആദിരൂപപരമായ അതേ ആനന്ദാനുഭൂതി ഉണരും!

താനേ തിരിഞ്ഞും മറിഞ്ഞും..." (അമ്പലപ്രാവ്, 1970, രചന പി. ഭാസ്കരൻ, സംഗീതം എം.എസ്. ബാബുരാജ്.) എന്ന ഗാനത്തിൽ, കുറുമ്പും (Playfulness) പ്രണയാതുരതയും (Sensuality) തൊട്ടുതൊട്ടില്ല എന്ന മട്ടിൽ അതിരുകൾ പങ്കിടുന്നുണ്ട്. "താൻ താമരമെത്തയിലുരുണ്ടും", "നാണിച്ചു നാണിച്ചു വാതിലടച്ചില്ലേ" തുടങ്ങിയ ബിംബങ്ങളിൽ ഇതേറെ പ്രകടവുമാണ്. കഥാപാത്രത്തിന്റെ ഉള്ളിലെ പ്രണയവും കുസൃതിയും ആവിഷ്ക്കരിയ്ക്കുമ്പോൾ, അക്ഷരങ്ങളെ തൊട്ടുതലോടുന്ന, നിലംതൊടാതെ ഒഴുകുന്ന സ്വപ്നം പോലെയുള്ള സ്വരവിന്യസനമാണ് അവർ സ്വീകരിക്കുക. ശ്വാസത്തിന്റെ ഉപയോഗം കൂടി ഉൾച്ചേരുമ്പോൾ വരികൾക്ക് അത്ഭുതകരമായ വികാരസംപ്രേഷണശക്തി ലഭിയ്ക്കുന്നു; ഒരല്പം വ്യത്യാസപ്പെട്ടാൽ, അസഹ്യമാകുമായിരുന്ന ഭാവത്തെ, വിരലഗ്രം കൊണ്ട് വസ്ത്രത്തിൽ തൊടും പോലെ ലളിതവും സ്വാഭാവികവുമായി എസ്. ജാനകി നിലനിർത്തുന്നത് കാണുമ്പോൾ അതിശയിയ്ക്കാത്തവരുണ്ടാകില്ല. ശൃംഗാരരസത്തിന്റെ തിരനോട്ടമുള്ള "എൻ പ്രാണനായകനെ എന്തു വിളിക്കും..." (പരീക്ഷ) എന്ന പാട്ടിന്റെ ആലാപനത്തിൽ, വരികളുടെ അവസാനത്തിൽ നൽകുന്ന ഭാവസാന്ദ്രമായ ഹമ്മിങ് (Humming) പെൺമനസ്സിന്റെ ഏറ്റവും സ്വകാര്യമായ ഇടത്തെ ആവിഷ്കരിക്കുന്നതിൽ അത്രയേറെ വിജയിക്കുന്നതും നമുക്ക് തൊട്ടറിയാം.

എം.എസ്. ബാബുരാജിന്റെ പാട്ടുകളിൽ തുളുമ്പിയ പ്രണയവിഷാദത്തിന്, വരികൾക്കിടയിലെ ആർദ്രമായ നിശ്വാസങ്ങൾ കൊണ്ടാണ് ജാനകി ജീവൻ നൽകിയത്. "വാസന്ത പഞ്ചമിനാളിൽ..." (ഭാർഗ്ഗവീനിലയം, 1964) എന്ന ഗാനം ശ്രദ്ധിക്കൂ. വരികളിൽ വന്നുവീഴുന്ന അക്ഷമ കലർന്ന നിശ്വാസം കാത്തിരിപ്പിന്റെ ആകുലതയിലേയ്ക്ക് അനുവാചകരെക്കൂടി കൂട്ടിക്കൊണ്ടുപോകുന്നു. ഇത്രയുമെത്തുമ്പോൾ, "നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ..." എന്ന ഗാനത്തെഷ്ടറ്റി സ്പർശിക്കാതിരിയ്ക്കാനാവില്ലല്ലോ. ഭരതൻ സംവിധാനം ചെയ്ത ചാമരം (1980) എന്ന ചിത്രത്തിൽ പൂവച്ചൽ ഖാദറിന്റെ വരികൾക്ക് എം.ജി. രാധാകൃഷ്ണൻ ഈണം നൽകിയ ഗാനം. കാത്തിരിപ്പിന്റെ വിരസതയെ അസാധാരണമായ സൗന്ദര്യമുള്ള ഒരു അനുഭവമാക്കി മാറ്റുന്ന ഈ ഗാനത്തിൽ, ജാനകിയുടെ ശബ്ദനിയന്ത്രണം കാമുകിയുടെ കാത്തിരിപ്പിനെ ശൃംഗാരരസമായി പരിണമിപ്പിക്കുന്നു. ഒ.എൻ.വി കുറുപ്പിന്റെ വരികൾക്ക് സലിൽ ചൗധരി ഈണം നല്കി, ജാനകി പാടിയ "സന്ധ്യേ... കണ്ണീരിതെന്തേ സന്ധ്യേ..." (മദനോത്സവം, 1978) എന്ന ഗാനം, കരുണരസം തുളുമ്പുന്ന വിരഹഭാവത്തിന് മികച്ച ഉദാഹരണമാണ്. അതുപോലെ എം.ജി. രാധാകൃഷ്ണന്റെ തന്നെ ഈണത്തിൽ തകര (1979) എന്ന ചിത്രത്തിലെ "മൗനമേ നിറയും മൗനമേ..." എന്ന ഗാനവും നിശബ്ദതയെ നൊമ്പരമാക്കി മാറ്റുന്ന സിദ്ധി പ്രകടമാക്കുന്നുണ്ട്.

ചുരുക്കട്ടെ: എസ് ജാനകി പാടിയ ഓരോ പാട്ടിലും അവർക്ക് ഓരോ



ശബ്ദമുണ്ട്, ഓരോ ജീവിതമുണ്ട്; ഓരോ നിമിഷത്തിലും അനേക ജന്മങ്ങളുടെ ഭാവതീവ്രതയും. ഭാരതീയ നാട്യശാസ്ത്രത്തിലെ രസസിദ്ധാന്തം മുൻനിർത്തി നോക്കുമ്പോൾ, സാഹിത്യം നൽകുന്ന 'സ്ഥായീഭാവത്തെ' സ്വന്തം സ്വരവ്യതിയാനങ്ങൾ കൊണ്ട് ശ്രോതാവിന്റെ ഹൃദയത്തിൽ 'രസമായി' പരിണമിപ്പിക്കാനുള്ള അസാധാരണ സിദ്ധിയാണ് അവരെ മറ്റുള്ളവരിൽ നിന്ന് വേറിട്ടുനിർത്തുന്നത്. "താമസമെന്തേ വരുവാൻ..." (ഭാർഗ്ഗവീനിലയം) എന്ന പാട്ടിലെ വരികളുടെ അറ്റത്ത് വീഴുന്ന അക്ഷമ കലർന്ന ആർദ്രമായ നിശ്വാസം കാത്തിരിപ്പിന്റെ ശോകത്തെ അനുവാചകനിൽ കരുണരസമായി പെയ്യിക്കുന്നതും "താനേ തിരിഞ്ഞും മറിഞ്ഞും.."(അമ്പലപ്രാവ്), "എൻ പ്രാണനായകനെ എന്തു വിളിക്കും.." (പരീക്ഷ) തുടങ്ങിയ പാട്ടുകളിൽ ലജ്ജയും പ്രണയാതുരതയും വരികൾക്കിടയിൽ നിറച്ച് സാർവലൗകികമായ ശൃംഗാരരസമാക്കുന്നതും വിശദീകരിക്കേണ്ടതില്ലാത്ത വിധം അനുഭവേദ്യമാണല്ലോ. ദൈർഘ്യ ഭീതിയിൽ ഉദാഹരണങ്ങൾ നീട്ടുന്നില്ല.

ഇരുപതോളം ഭാഷകളിലായി നാൽപ്പത്തെട്ടായിരത്തിലധികം ഗാനങ്ങൾ പാടിയെന്നതല്ല, മറിച്ച് പാടിയ ഓരോ പാട്ടിലും ഉയിരിന്റെ ഈണം ഉരുക്കിച്ചേർത്തു എന്നതാണ് എസ്. ജാനകിയെ അപൂർവപ്രതിഭയാക്കുന്നത്. ദൃശ്യത്തെയും സാഹിത്യത്തെയും സ്വന്തം ശബ്ദത്തിലേക്കാവാഹിച്ചും, ശ്വാസത്തിന്റെ ഇടർച്ചയിൽപ്പോലും സ്വരവ്യതിയാനത്തിന്റെ അനുഭൂതിമണ്ഡലങ്ങൾ സാക്ഷാത്കരിച്ചും, ആ നാദരൂപിണി അനശ്വരയാകുന്നു!

അവലംബം:

"തേനും വയമ്പും നാവിൽ തൂകും വാനമ്പാടീ" - തേനും വയമ്പും (1981), സംഗീതം: രവീന്ദ്രൻ, രചന: ബിച്ചു തിരുമല (m3db.com)

"നാഥാ നീ വരും കാലൊച്ച കേൾക്കുവാൻ" -ചാമരം (1980), സംഗീതം: എം.ജി. രാധാകൃഷ്ണൻ, രചന: പൂവച്ചൽ ഖാദർ (manoramaonline.com)

"തുമ്പീ വാ തുമ്പക്കുടത്തിൽ" - ഓളങ്ങൾ, സംഗീതം: ഇളയരാജ (manoramaonline.com)

"സന്ധ്യേ കണ്ണീരിതെന്തേ സന്ധ്യേ" -മദനോത്സവം (1978), സംഗീതം: സലിൽ ചൗധരി, രചന: ഒ.എൻ.വി കുറുപ്പ് (m3db.com)

"മൗനമേ നിറയും മൗനമേ" - തകര (1979), സംഗീതം: എം.ജി. രാധാകൃഷ്ണൻ (manoramaonline.com)

"ഓമനത്തിങ്കൾ കിടാവോ പാടിപാടി" - ഇത്തിരിപ്പൂവേ ചുവന്നപൂവേ, രചന: ഒ.എൻ.വി കുറുപ്പ് (m3db.com)

താമരക്കുമ്പിളല്ലോ മമ ഹൃദയം - അന്വേഷിച്ചു കണ്ടെത്തിയില്ല, manoramaonline.com (nostalgia section, 2017)

"താനേ തിരിഞ്ഞും മറിഞ്ഞും" അമ്പലപ്രാവ് (1970), രചന: പി. ഭാസ്കരൻ, സംഗീതം: എം.എസ്. ബാബുരാജ് (m3db.com,)

"എൻ പ്രാണനായകനെ എന്തു വിളിക്കും" പരീക്ഷ (manoramaonline.com)

(ml.wikipedia.org (എസ്. ജാനകി പേജ്)

വരയും എഴുത്തും : ഡോ.ബിന്ദുമോൾ ബി.
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി

ഉഴുതു മറിച്ച പുതുമണ്ണിലൂടെ

റഷ്യൻ കാഴ്ചകൾ - ഒരു ചിത്രയാത്രാവിവരണം - 1

1. ഗ്രാൻഡ് കെർമലിൻ പാലസിന്റെ (Grand Kermlin Palace) ഉദ്യാനം

കാണികൾ പലരായിരുന്നു.... നൂറ്റാണ്ടുകൾക്കു മുമ്പുള്ള ചരിത്രത്തെ വായിക്കാൻ ശ്രമിക്കുന്നവർ !.. ദൂരക്കാഴ്ചയിൽ കൊട്ടാരം തലയുയർത്തി നിൽക്കുന്നുണ്ടായിരുന്നു..അവരുടെ അളവുകോലുകൾ വ്യത്യസ്തമായിരുന്നു... എന്നാൽ ചരിത്രത്തിനു നേരേ പുലർത്തുന്ന വിസ്മയം എല്ലാവരെയും ഏകോപിഷ്ചു ... പരസ്പരം കണ്ണുകൾ തടയുമ്പോൾ അവർ നിർലോഭം പുഞ്ചിരിച്ചു... ജീവിതത്തിൽ നിന്ന് മറ്റെന്ത് പാഠമാണ് അവർക്കിനി കിട്ടാനുള്ളത് ?!...




2. മോസ്കോയിലെ റിഷ്സ്കയ സ്ക്വയറിനു മുമ്പിലുള്ള സ്മാരകം.


1958-ൽ വിക്ഷേപിച്ച സ്പുട്നിക് 1 ഉപഗ്രഹത്തിന്റെ സ്രഷ്ടാക്കളെ പ്രതിനിധീകരിക്കുന്നു.



3. മോസ്കോയിലെ Alexander S.Pushkin Sheremetyevo International Airport - Terminal B...

മധ്യത്തിൽ Globe Art Installation ചെയ്തിരിക്കുന്നു... 1959 ലാണ് ഈ വിമാനത്താവളം പ്രവർത്തനമാരംഭിച്ചത്... മോസ്കോയിലെ നാല് വിമാനത്താവളങ്ങളിൽ ഒന്നാണിത്...അതിവിശാലമാണ് ഈ ഹാൾ... അതിനാൽ മനുഷ്യരുടെ വലിഷം ചെറുതാണെന്നു തോന്നും... അല്ലെങ്കിലും അതൊക്കെ ആപേക്ഷികമാണല്ലോ... കാഴ്ചയുടെ അനുപാതങ്ങൾ മാത്രം !... അപരിചിതമായതു കൊണ്ടാവും അവിടത്തെ മനുഷ്യർക്കും മനുഷ്യ ഭാവങ്ങൾക്കും മനുഷ്യനിർമ്മിതലോകങ്ങൾക്കുമെല്ലാം വല്ലാത്ത സൗന്ദര്യം തോന്നി... എവിടെയും പരിചിതമായതിനെ തിരയാനും താരതമ്യം ചെയ്യാനുമുള്ള ജൈവവാസനയെ അടക്കാനുള്ള പരിശീലനം കൂടിയാണ് യാത്രകൾ....





4. മോസ്കോയിലെ Tsvetnoy Boulevard ലെ Nikulin Circus ലേക്കുള്ള പ്രവേശനകവാടം...

പ്രസിദ്ധ റഷ്യൻ കോമാളി Yuri Nikulin ന്റെ പേരാണത്... സെൻട്രൽ മോസ്കോയുടെ പ്രധാന ആകർഷണങ്ങളിൽ ഒന്ന്... ലോബിയിൽ 'Everything is Circus' എന്ന് റഷ്യൻ ഭാഷയിൽ എഴുതിയിട്ടുണ്ട്.... ജീവിതത്തിന്റെ അനിയതസ്വഭാവത്തെ നെഞ്ചിലേറ്റി നിൽക്കുന്ന ആ ഫോട്ടോ സോണിനു മുമ്പിൽ മനുഷ്യർ പോസ് ചെയ്യുന്നുണ്ടായിരുന്നു... അവിടത്തെ ചെറിയ ഷോപ്പുകളിൽ സുവനീറുകളും അനേകം ചരടുകളിൽ കോർക്കപ്പെട്ട ക്ലോണുകളും വിൽപ്പനയ്ക്കു വെച്ചിരിക്കുന്നു. ഷോയ്ക്കു ശേഷം വിരലുകളിൽ ഓരോ ചരടും കുരുക്കിയിട്ട്, ചലിപ്പിക്കുമ്പോൾ ഇളകിക്കളിക്കുന്ന ക്ലോണുകളുമായി കഥയേത് ജീവിതമേത് എന്ന് ഇനിയും തിരിയാത്ത കുട്ടികൾ തിയേറ്ററിനു പുറത്തേക്കിറങ്ങി.... അണിയറയിൽ മനുഷ്യരും മൃഗങ്ങളും അടുത്ത ഷോയ്ക്കായി തയ്യാറെടുക്കുന്നുണ്ടാവും.

5. മോസ്കോയിലെ ഒരു തെരുവ്

ഏറ്റവും തിരക്കുള്ള തെരുവിലാണ് ഏകാന്തതയുമായി കണ്ടുമുട്ടാൻ എളുപ്പം... വേഗതയുള്ള മനുഷ്യർ ഒഴിച്ചിട്ട ഇടങ്ങളിൽ അതുണ്ടാവും...ലക്ഷ്യങ്ങൾ തിടുക്കം കൂട്ടി കാത്തിരിക്കുന്നു എന്നു വിശ്വസിക്കുന്ന പാവപ്പെട്ട മനുഷ്യർ അതിവേഗം നമ്മളെ കടന്നു പോവും... അവർ എവിടെയാണ് ചെന്നെത്തുകയെന്ന് പറയേണ്ട അവരുടെ ദൈവങ്ങൾ മൗനത്തിലാണല്ലോ...

ദൈവത്തിന്റെ സങ്കടങ്ങളറിയാവുന്ന നമ്മളെപ്പോലുള്ള ചിലർക്ക് ചില അവധാനതകളുണ്ട്... റഷ്യയിലായാലും അങ്ങനുള്ള ആളുകൾ നമ്മളെ തിരിച്ചറിയും... പൊതുവേ അവർ സൗഹൃദമുഖമുള്ളവരായി തോന്നിയില്ല... എന്നാൽ നേരേ നടന്നു വരുന്ന ചിലർ ഒരു നിശബ്ദസന്ദേശം തരും.. ഒരു പുഞ്ചിരി.. അതു കണ്ണുകളിലാവാം, ചുണ്ടുകളിലാവാം.



6. മോസ്കോയിൽ അലക്സാണ്ടർ ഗാർഡനിലുള്ള അലക്സാണ്ടർ ഒന്നാമൻ ചക്രവർത്തിയുടെ സ്മാരകത്തിലെ വെങ്കല ബേസ് റിലീഫ്...



1812-ലെ ബോറോഡിനോ യുദ്ധത്തിലെ റഷ്യൻ കമാൻഡർമാരെ ചിത്രീകരിക്കുന്നു. റഷ്യക്കാർ സ്വന്തം പട്ടണങ്ങളും ഭക്ഷ്യശേഖരങ്ങളും കത്തിച്ചു കളഞ്ഞപ്പോൾ (Scorched Earth Strategy) നെപ്പോളിയൻ സൈന്യത്തിന് പട്ടിണിയും രോഗങ്ങളും മരണങ്ങളും... കടുത്ത ശീതകാലം, കുതിരകൾ ചത്തു തുടങ്ങി... അങ്ങനെ 6 ലക്ഷം സൈനികരുമായി വന്ന നെപ്പോളിയൻ മരണത്തെ അതിജീവിച്ച ന്യൂനപക്ഷവുമായി തിരിച്ചു പോയി.

മുന്നണിപ്പോരാളികളെയേ ചരിത്രമറിയൂ... സ്വന്തം സാമ്രാജ്യങ്ങൾ ചുട്ടെരിഞ്ഞിട്ടും ആത്മാഭിമാനത്തിനു വേണ്ടി തലയുയർത്തി നിൽക്കുന്ന മനുഷ്യരോട് ശീതകാലത്തിന് എന്തു ചെയ്യാനാവും ? .... ആത്മാവിന്റെ ചൂടെരിച്ച് അവർ അവരെത്തന്നെ നിലനിർത്തുകയല്ലേ.



7. റഷ്യയിലെ സ്പാരോ ഹിൽസിലുള്ള മോസ്കോ സ്റ്റേറ്റ് യൂണിവേഴ്സിറ്റി...

1755 -ൽ റഷ്യൻ ശാസ്ത്രജ്ഞനായ മിഖായേൽ ലോമോനോസോവ് സ്ഥാപിച്ച സർവ്വകലാശാല സ്റ്റാലിനിസ്റ്റ് വാസ്തുവിദ്യയിലാണ് നിർമ്മിച്ചിരിക്കുന്നത്... ലോകത്തിലെ ഏറ്റവും ഉയരമുള്ള വിദ്യാഭ്യാസസ്ഥാപനം... മിഖായേൽ ഗോർബച്ചേവും ഡോക്ടർ ഷിവാഗോയുടെ രചയിതാവായ ബോറിസ് പാസ്തർനാകുമൊക്കെ അവിടത്തെ പൂർവ്വ പഠിതാക്കളാണ്.


അടഞ്ഞ ഹൃദയങ്ങൾ പോലെ അജ്ഞാതസുന്ദരമായിരുന്നു അതിന്റെ ദൂരക്കാഴ്ച്ച... അരികിലൂടെ Moskva നദിയൊഴുകുന്നു.


8. കുതിരസവാരിപ്രതിമകൾ

റഷ്യയിലെ ഒരു സാധാരണ കാഴ്ചയാണ്... ഇത് രണ്ടാം ലോകമഹായുദ്ധകാലത്തെ സോവിയറ്റ് സൈനിക കമാൻഡർ ആയിരുന്ന മാർഷൽ ജോർജി സുക്കോവിന്റെ സ്മാരകം... മോസ്കോയിൽ റെഡ് സ്ക്വയറിനും സ്റ്റേറ്റ് ഹിസ്റ്റോറിക്കൽ മ്യൂസിയത്തിനും സമീപമാണ് ഇത് സ്ഥിതി ചെയ്യുന്നത്... 1945- ലെ മോസ്കോ വിജയ പരേഡിൽ സൈന്യത്തെ അഭിവാദ്യം ചെയ്ത് സുക്കോവ് ഒരു വെള്ള കുതിരപ്പുറത്ത് റെഡ് സ്ക്വയറിലൂടെ സഞ്ചരിച്ചിരുന്നു.... സ്റ്റാലിനെ ഭയപ്പെടുത്തിയിരുന്ന താരപരിവേഷമുള്ള സുക്കോവ് ഒരിക്കൽ ജർമ്മൻ ഷെല്ലുകൾ വീഴുന്ന പ്രദേശത്തേക്ക് പോകാൻ ഉദ്യോഗസ്ഥർ മടിച്ചപ്പോൾ പറഞ്ഞ ഒരു വാചകം പ്രസിദ്ധമാണ്:

"Snaryad po familii ne vybiraet !" (A Shell doesn't choose its victim by name)


പതിയ്ക്കാനുള്ള ശിരസ്സുകളെ കാലം മുമ്പേ തെരഞ്ഞെടുത്തിട്ടുണ്ടാവും ... വീഴുക എന്നതല്ലാതെ ഷെല്ലുകൾക്ക് പ്രത്യേകിച്ച് പണിയൊന്നുമില്ല എന്നാണ് ഇതു കേട്ടപ്പോൾ തോന്നിയത്.. കൃത്യമായി തേടി വരുന്നു എന്ന് അനുഭവസ്ഥർക്ക് തോന്നിയാലും ഷെല്ലുകൾ നിരപരാധികളാണ് എന്നും !





9. മോസ്കോയിലുള്ള Tverskaya Zastava Square... Tver നഗരത്തിലേക്കുള്ള നോഡ്...

ഈ സ്ക്വയർ മോസ്കോയിലെ പ്രധാനപ്പെട്ട ഒരു ചരിത്രപ്രദേശമാണ്. Belorussky റെയിൽവേ സ്റ്റേഷനു മുന്നിലാണ് ഇത് സ്ഥിതി ചെയ്യുന്നത്. Zastava എന്ന വാക്കിന് നഗരത്തിന്റെ പ്രവേശന കവാടം എന്ന അർത്ഥമുണ്ട്. 18-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ Tver ഹൈവേ, മോസ്കോയുടെ പ്രധാനപ്പെട്ട യാത്രാമാർഗമായിരുന്നു. റെയിൽവേ സ്റ്റേഷൻ 1912-ൽ പ്രവർത്തനം ആരംഭിച്ചതോടെ റഷ്യയുടെ പടിഞ്ഞാറൻ ഭാഗങ്ങളിലേക്കുള്ള പ്രധാന റെയിൽവേ സ്റ്റേഷനായി ഇത് മാറി. ശാന്തരായി നടന്നു പോകുന്ന മനുഷ്യരെ എവിടെയും കാണാം...കൂടുതൽ പേരും ഒറ്റയ്ക്കാണ്... പൂക്കാലം കഴിഞ്ഞ ഋതുക്കളെന്ന പോലെ ശമിക്കപ്പെട്ടവരായിരിക്കും അവർ..



10. ഇത് മോസ്കോയിലെ Krasnoproletarskaya Street ലെ പാർക്കിൽ സ്ഥാപിച്ചിരിക്കുന്ന സോവിയറ്റ് ഗായകൻ Losif Davidovich Kobzon(1937-2018) ന്റെ ശില്പം...

Crooner ഗായകരിൽ പ്രമുഖൻ... Tsvetnoy Bulvar Metro station ഈ പാർക്കിന് അടുത്താണ്.

റഷ്യൻ സംസ്ക്കാരത്തിൽ കലയും സാഹിത്യവും പരിചരിക്കപ്പെടുന്നതെങ്ങനെ എന്നതിന്റെ സാക്ഷ്യങ്ങളാണ് അവിടെ കാണപ്പെടുന്ന ഓരോ സ്മാരകങ്ങളും... മിക്കയിടങ്ങളിലും പൂക്കൾ അർപ്പിച്ചിട്ടുണ്ട്... അവ അന്ധമായ ആരാധനകളുടെ ക്ഷണികപ്രകടനങ്ങളല്ല.മൈക്രോഫോൺ പിടിച്ചു നിൽക്കുന്ന ഗായകൻ ഭാവഗീതം പോലെ സുന്ദരമായ അനുഭവമാണ്. **(തുടരും)**

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിന്റെ മുൻ ലക്കങ്ങൾ വായിക്കാൻ ക്യു ആർ കോഡ് സ്കാൻ ചെയ്യുക

കേരള പ്രൈവറ്റ്കോളേജ് ടീച്ചർ ജേർണലിലേക്ക് സംഘടനാംഗങ്ങളുടെ രചനകൾ ക്ഷണിക്കുന്നു. അയയ്ക്കേണ്ട ഇ മെയിൽ വിലാസം
collegeteacheredt@gmail.com

ARCHANA P J
Sree Narayana College, Kollam

Jasmine
India's Floral Heritage of Beauty and Value

Jasmine (Jasminum spp., family Oleaceae) is an important ornamental and aromatic plant widely valued in India. It explains that jasmine is not only admired for its pleasant fragrance and symbolic cultural significance but also holds importance across multiple fields such as botany, pharmacology, ecology, culture, and economics. The review focuses on key aspects of the plant, including its botanical features, chemical constituents responsible for its fragrance and medicinal properties, and its ecological role in supporting biodiversity. It also emphasizes the strong socio-cultural connections of jasmine in Indian traditions, rituals, and daily life, along with its contribution to livelihoods through floriculture and related industries. Additionally, the abstract points to emerging scientific research on jasmine, showing how modern studies are expanding knowledge about its uses and benefits. Overall, it highlights jasmine as a multifunctional plant that integrates traditional knowledge with scientific understanding, serving as a bridge between biodiversity conservation, economic development, and cultural heritage in India.

1. Introduction

India has a deep and ancient relationship with flowers, where they are not only valued for their beauty but also for their spiritual, cultural, and practical significance. Among all ornamental plants, jasmine holds a special and distinguished position. It is often called the "Queen of Fragrance" because of its strong, sweet, and long-lasting aroma, which is considered one of the most pleasant natural scents in the plant kingdom.

Several species of jasmine are widely cultivated in India, each with unique characteristics and uses. The most important ones include:

***Jasminum sambac* –** commonly used in religious offerings, garlands, and temple rituals

***Jasminum auriculatum* –** known for its high fragrance quality and use in traditional decorations

***Jasminum grandiflorum* –** widely

used in the perfume industry due to its essential oil content.

These species thrive in tropical and subtropical climates, making India one of the major centers of jasmine cultivation in the world.

However, jasmine is not just an ornamental or decorative plant. It represents a powerful connection between nature, science, and culture. In Indian tradition, jasmine flowers are closely associated with purity, devotion, and auspicious occasions. They are commonly used in temple worship, religious ceremonies, weddings, and festivals, symbolizing beauty and positive energy.

From a historical perspective, jasmine has been mentioned in ancient Indian scriptures and literature, showing its long-standing cultural importance. Over time, its role has expanded beyond tradition into modern industries. Today, jasmine is an important raw material in:

- ***Perfumery and cosmetics*** (due to its essential oils)
- ***Aromatherapy and wellness products***
- ***Pharmacological and medicinal research*** (because of its bioactive compounds)

Scientifically, jasmine is also studied for its botanical characteristics, including flower morphology, growth patterns, and ecological adaptability. It plays an important ecological role by attracting pollinators such as bees and butterflies, thereby supporting biodiversity.

This review aims to bring together all these aspects botanical features, chemical composition, ecological importance, cultural value, and economic significance into a comprehensive understanding of jasmine in the Indian context. It highlights how a single plant can bridge traditional knowledge



systems and modern scientific applications.

2. Botanical Overview

2.1 Taxonomy and Classification

Jasmine belongs to the family Oleaceae, a group that also includes economically and botanically important plants such as olive and ash. The genus Jasminum consists of more than 200 species distributed mainly across tropical and subtropical regions of the world. These species are widely appreciated for their ornamental beauty and characteristic fragrance. Jasmine occupies an important position in plant taxonomy due to its diverse morphological features and ecological adaptability.

The taxonomic hierarchy of jasmine is as follows:

- Kingdom: Plantae
- Clade: Angiosperms
- Order: Lamiales
- Family: Oleaceae
- Genus: Jasminum

2.2 Morphology

Jasmine plants are generally shrubs or climbing vines with attractive foliage and highly fragrant flowers. Depending on the species, the plant may exhibit woody or semi-woody stems that often require support for climbing. The leaves are arranged either oppositely or alternately and may be simple or pinnately compound.

The flowers are usually star-shaped, delicate, and white or yellow in color. Their strong and pleasant fragrance is one of the defining characteristics of jasmine. The fruit is typically a berry that turns black upon maturity. Most jasmine species bloom during warmer seasons, and the flowers release a stronger fragrance at night. This nocturnal fragrance emission is considered an evolutionary

adaptation that helps attract night-active pollinators, especially moths, thereby improving pollination efficiency.

2.3 Reproductive Biology

Jasmine reproduces through both sexual and vegetative methods. Sexual reproduction occurs through seeds, although this method is less commonly used in commercial cultivation because seed-grown plants may show variability in growth and flowering characteristics.

Vegetative propagation is the preferred method in jasmine cultivation because it ensures genetic uniformity, faster growth, and earlier flowering. Common vegetative techniques include stem cuttings, layering, and tissue culture. Among these methods, stem cuttings are widely practiced due to their simplicity and high success rate, while tissue culture has emerged as an advanced technique for large-scale propagation and disease-free planting material production.

3. Phytochemistry and Aroma Profile

The characteristic fragrance of jasmine results from a complex mixture of volatile organic compounds (VOCs). These compounds collectively create the sweet, floral, and slightly musky aroma for which jasmine is renowned. Major aromatic constituents include benzyl acetate, linalool, indole, jasmonates, and eugenol.

Benzyl acetate contributes a sweet floral scent, while linalool provides a fresh and delicate aroma. Indole, although possessing a strong animalic odor in isolation, contributes depth and richness to jasmine fragrance when present in small quantities. Jasmonates are important aromatic molecules associated with plant defense and floral scent, whereas eugenol adds spicy and warm notes. Together, these compounds produce the unique fragrance profile that makes jasmine highly valuable in perfumery and aromatherapy.

3.1 Essential Oil Extraction

Jasmine essential oil is extracted mainly through solvent extraction and traditional enfleurage methods. Solvent extraction produces "jasmine absolute," a concentrated aromatic substance widely used in luxury perfumes and cosmetics. Enfleurage, an older traditional technique, involves absorbing the fragrance of fresh flowers into fats or oils before extraction.

Jasmine oil is regarded as one of the most expensive essential oils in the world because a very large quantity of flowers is required to produce a small amount of oil. The delicate nature of jasmine flowers also demands careful harvesting and processing to preserve their aroma.

3.2 Pharmacological Properties

Scientific studies have shown that jasmine possesses several pharmacological properties. Jasmine extracts exhibit antioxidant activity, helping to neutralize harmful free radicals within the body. They also demonstrate antimicrobial effects against certain bacteria and fungi, making them useful in traditional medicinal preparations.

Additionally, jasmine has anti-inflammatory properties and is widely recognized for its aromatherapeutic benefits. The fragrance of jasmine is believed to reduce stress, promote relaxation, and enhance mood. Because of these medicinal and therapeutic properties, jasmine continues to attract attention in both traditional healing systems and modern pharmacological research.

4. Ecological Significance

Jasmine plays an important ecological role by supporting biodiversity and contributing to environmental stability. Beyond its ornamental value, the plant interacts closely with pollinators and helps enrich urban and rural ecosystems.

4.1 Pollination Ecology

Many jasmine species bloom during the evening or night, producing strong fragrances that attract nocturnal pollinators such as moths. The floral scent acts as a chemical signal guiding pollinators toward the flowers. This adaptation increases pollination efficiency and enhances reproductive success. Such specialized plant–pollinator interactions demonstrate the ecological significance of jasmine within natural ecosystems.

4.2 Biodiversity Enhancement

Jasmine plants contribute positively to biodiversity by supporting insect populations and improving green cover in urban and rural areas. Their dense foliage and fragrant flowers provide shelter and food resources for various insects and pollinators. Jasmine is commonly incorporated into gardens, parks, and landscapes because of its aesthetic appeal and ecological benefits. The cultivation of jasmine also promotes greener environments and contributes to ecological balance.

5. Cultural and Traditional Importance in India

Jasmine occupies a special place in Indian culture and tradition, where it symbolizes purity, beauty, love, and spirituality. For centuries, the flower has been associated with religious rituals, social celebrations, literature, and artistic expression.

5.1 Religious Significance

Jasmine flowers are extensively

used in temple offerings, puja rituals, and religious festivals throughout India. In South India, garlands made of jasmine are commonly offered to deities such as Vishnu and Lakshmi as symbols of devotion and spiritual purity. The flower is often associated with divine beauty and spiritual awakening, making it an integral part of religious practices.

5.2 Social and Festive Use

Jasmine plays a central role in Indian social and festive traditions. It is widely used in weddings, festivals, and daily adornment. One of the most recognizable cultural uses of jasmine is the "gajra," a floral garland worn in the hair by women. Particularly in Kerala and Tamil Nadu, jasmine garlands symbolize femininity, grace, and elegance. The fragrance of jasmine is closely linked with celebrations and cultural identity in many Indian communities.

5.3 Role in Art and Literature

Jasmine has inspired poets, writers, musicians, and artists for centuries. It appears prominently in classical Sanskrit poetry, Tamil Sangam literature, Malayalam songs, and folklore traditions. The flower is often used metaphorically to represent love, beauty, purity, and the transient nature of life. Its delicate fragrance and appearance continue to inspire artistic and literary creativity across generations.

6. Economic Importance

6.1 Cultivation in India

India is one of the largest producers of jasmine in the world. Major cultivation regions include Tamil Nadu, Karnataka, Andhra Pradesh, and Kerala. Jasmine farming serves as an important source of livelihood for thousands of small-scale farmers and flower traders. Due to the high demand for flowers in domestic and international markets, jasmine cultivation contributes significantly to the rural economy.

6.2 Uses in Industry

Jasmine flowers are widely utilized in various industries. The perfume and cosmetic industries use jasmine extracts to produce fragrances, soaps, creams, and beauty products. Jasmine is also used in aromatherapy products, herbal medicine, tea flavoring, and religious markets. Jasmine tea, popular in several Asian countries, is produced by infusing tea leaves with jasmine fragrance.

6.3 Export Potential

India exports jasmine flowers and essential oils to countries such as the USA, UAE, Japan, and France. The increasing global preference for natural fragrances and herbal products has enhanced the commercial value of jasmine. International demand for jasmine-based products continues to grow, creating greater opportunities for export and economic development.

7. Cultivation Practices

7.1 Climate and Soil Requirements

Jasmine grows best under tropical and subtropical climatic conditions. The ideal temperature range for cultivation is between 20°C and 35°C. The plant prefers well-drained loamy soils with a pH range of 6.5–7.5. Adequate sunlight and moderate humidity further promote healthy growth and flowering.

7.2 Agricultural Practices

Successful jasmine cultivation requires proper agricultural management practices. Moderate irrigation is essential, but waterlogging should be avoided because excess moisture can damage roots. Farmers commonly apply organic manure and NPK fertilizers to improve plant growth and flower production. Regular pruning helps stimulate branching and enhances flowering. Integrated pest management practices are also adopted to minimize damage from pests and diseases while reducing environmental impact.

7.3 Challenges in Cultivation

Despite its economic importance, jasmine cultivation faces several challenges. Climate change and irregular weather patterns can negatively affect flowering and yield. Pest infestations and plant diseases also reduce productivity. In addition, fluctuations in market prices create economic uncertainty for farmers. Addressing these challenges requires scientific research, improved agricultural practices, and supportive government policies.

8. Recent Advances and Research Trends

8.1 Biotechnology Applications

Biotechnology has opened new opportunities in jasmine cultivation and improvement. Tissue culture techniques are increasingly used for large-scale propagation and the production of disease-free planting materials. Researchers are also working on genetic improvement programs aimed at enhancing flower yield, fragrance quality, and resistance to pests and environmental stress.

8.2 Phytochemical Research

Modern phytochemical studies focus on identifying and isolating bioactive compounds present in jasmine. These compounds have potential applications in drug development, cosmetics, and therapeutic formulations. Ongoing research continues to explore the medicinal and industrial value of jasmine-derived compounds.

8.3 Sustainable Practices

Sustainable cultivation and processing methods are becoming increasingly important in jasmine production. Organic farming practices help reduce chemical usage and protect environmental health. Eco-friendly extraction methods are being developed to minimize waste and energy consumption during essential oil production. Water-efficient irrigation systems are also being introduced to improve resource conservation and ensure sustainable jasmine cultivation for the future.

9. Discussion

